# രാഗലയം ശ്രുതി

**കലാ–സാംസ്കാരിക മാസിക**

**പുസ്തകം 6 ലക്കം 5**

**മെയ് / ജൂൺ 2019**


ജപകോടി ഗുണം ധ്യാനം
ധ്യാനകോടി ഗുണംലയം
ലയകോടി ഗുണം ഗാനം
ഗാനാൽ പരതരംനഹി





മാനേജിംഗ് എഡിറ്റർ
**ഡോ. എ.ഇ. കൃഷ്ണൻനമ്പൂതിരി**

ചീഫ് എഡിറ്റർ
**മാങ്കുളം ജി.കെ.**

പത്രാധിപസമിതി
ഡോ. സി. പി. ഉണ്ണിക്കൃഷ്ണൻ
കലാശ്രീ കോട്ടയം കെ. വീരമണി
ഡോ. ശ്രീവത്സൻ നമ്പൂതിരി

ഉപദേശകസമിതി
ആർ. രാമചന്ദ്രൻനായർ IAS
പ്രൊഫ. പാറശ്ശാല രവി
പി. വിജയാംബിക പാലക്കാട്
രമേശൻ വി. പുന്നയൂർക്കുളം

നിയമോപദേശം
അഡ്വ. ജി. ഹരികൃഷ്ണൻ ഹരിപ്പാട്

Setting and Layout : Hari chittakkadan



വിലാസം

രാഗലയം ശ്രുതി, ചേപ്പാട് പി.ഒ.,
ആലപ്പുഴ (ജില്ല), കേരളം–690507
ഫോൺ : 0479–2470429, 9447037932

ragalayamsruthy@gmail.com,
Website : www.ragalayammusics.com


## ഉള്ളടക്കം...


അരങ്ങിലെ ഇന്നലെകൾ ............................... 3
ദി കാസിൽ – ഫ്രാൻസ് കാഫ്ക (സാഹിത്യവേദി) 6
അങ്ങനെയും ഒരു കാലം ............................. 9
ആവണിത്തിങ്കൾ (കവിത) ............................ 10
അഷ്ടപദിസംഗീതം – ഒരുപഠനം ..................... 11
ഹരികേശനല്ലൂർ മുത്തയ്യാ ഭാഗവതർ ............. 15
കർണ്ണാടകസംഗീതം; ആസ്വാദനം, ഒരുപഠനം . 19
രാഗാമൃതം .................................................. 24
അഭിനയകല ................................................ 27
ചിലപ്പതികാരത്തിലെ സംഗീതം .................... 29
കലാദർശിനി ............................................... 32



രാഗലയം ശ്രുതിയിൽ പ്രസിദ്ധീകരിക്കുന്ന ലേഖനങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം അതാത് ലേഖകർക്കായിരിക്കും

## എഡിറ്റോറിയൽ

നൊമ്പരങ്ങൾക്കിടയിലേക്ക് വീണ്ടുമൊരോണം കടന്നെത്തുമ്പോൾ അമ്പരന്നു നിൽക്കുന്ന നമുക്ക് ഓണത്തെക്കുറിച്ചുള്ള തത്വചിന്താരമായ സമീപനം സ്വീകരിക്കേണ്ടി വരുന്നു ഈ വേളയിൽ.

'ഓണം' എന്ന വാക്കിനനുബന്ധമായി ധാരാളം പദങ്ങളുണ്ട്. ഓണമുണ്ട്, ഓണക്കോടി, ഓണത്തപ്പൻ, ഓണപ്പാച്ചിൽ, ഓണക്കോള്, ഓണസദ്യ, ഓണപ്പാട്ട് തുടങ്ങിയവ. എന്നാൽ അവയെക്കാളെല്ലാം ഓണത്തോടു ചേർക്കാവുന്ന ഒരു പദമാണ് 'തർക്കങ്ങൾ' എന്നത്. ഓണത്തിനും തർക്കമോ? അതെ, ഇത്രത്തോളം തർക്കമുള്ള മറ്റൊന്നുണ്ടോ എന്നു സംശയമാണ്.

ഈ നാടിന്റെ ഏറ്റവും വലിയ ഉത്സവമാണ് ഓണം എന്നതിൽ തർക്കമില്ല. എന്നാൽ ഇത്രത്തോളം വളച്ചു കെട്ടലുകൾക്കും ദുർവ്യാഖ്യാനങ്ങൾക്കും ഇരയായ മറ്റൊരാഘോഷമുണ്ടോ എന്നതിൽ തർക്കമുണ്ട് താനും.

'മാനുഷരെല്ലാരുമൊന്നുപോലാ'കുന്ന ഈ മഹാമേളയുടെ ഉത്ഭവ ചരിത്രത്തെപ്പറ്റി പണ്ഡിതന്മാർ പലതരത്തിലാണെന്നതു മറ്റൊരു കൗതുകം. ഇതെപ്പറ്റി ഒൻപതോളം വിഭിന്ന വാദങ്ങൾ നിലവിലുണ്ട്. ഇതിന്റെ മിഥോളജിയെപ്പറ്റിയും അനേകം വ്യാഖ്യാനങ്ങൾ ഉണ്ടായിട്ടുണ്ട്. ഓണത്തിന്റെ നായകരായ മഹാബലിയെപ്പറ്റിയും വാമനനെപ്പറ്റിയുമൊക്കെത്തന്നെ എത്രയോ വൈരുദ്ധ്യപൂർണ്ണമായ കഥകൾ?!

ഇന്ന് കേരളത്തിന്റെ ദേശീയോത്സവമെന്നു വാഴ്ത്തപ്പെടുന്ന ഓണം പിറന്നതും വളർന്നതും കേരളത്തിലായിരുന്നില്ലാ എന്നതും ഒരു കൗതുകവിസ്മയം. പ്രാചീന അസീറിയ, ബാബിലോണിയ എന്നിവിടങ്ങളിൽ ഉത്ഭവിച്ച് ഭാരതത്തിലേക്ക് പടർന്ന് ആന്ധ്രാപ്രദേശ്, കർണ്ണാടകം, തമിഴ്നാട് എന്നിവിടങ്ങളിൽ കൊണ്ടാടിയിരുന്നതുമായ ഓണത്തിന്റ അവശിഷ്ട സ്ഥാനമായി ഈ കൊച്ചുകേരളം മാറിയതിലെ നിഗൂഢത ഗാഢചിന്താർഹമാണ്. കേരള മനസ്സിന്റെ വ്യതിരിക്ത ഭാവപഠനത്തിനിതുപകരിക്കും. അനുദിനം വൈദേശിക പ്രഭാവങ്ങൾക്കടിമപ്പെടുന്ന കേരളജനത ഇന്ന് ഓണത്തനിമയെ വിസ്മരിക്കുന്നു എന്ന് ദുഃഖിക്കുന്നവർ ഈ ഓണത്തെ 'ഫോറിൻ' ആണെന്ന് ഓർക്കുന്നത് നന്ന്. എന്നാൽ കേവലം ബാഹ്യാനുഷ്ഠാനമായിരുന്ന 'ഓണത്തല്ല്' ഇന്ന് ഈ നാട്ടിൽ ആചാരഭാവം വെടിഞ്ഞ് ഒരു സാർവ്വജനനീയാഥാർത്ഥ്യമായി ത്തീരുന്നു എന്നതിൽ ആർക്കും തർക്കമുണ്ടാകുമെന്നു തോന്നുന്നില്ല. കാരണം 'ഓണക്കോടി'യേക്കാൾ ഇന്ന് മുഖ്യമായിരിക്കുന്നത് 'ബംബർ കോടി'യും 'ഓണക്കുടി'യുമൊക്കെയാണല്ലോ. ഒപ്പം

'ആയിരം കോടിയുണ്ടെങ്കിലുമന്ത്യത്തിൽ
കോടിയൊരെണ്ണം മതി പുതച്ചീടുവാൻ'

എന്ന സനാതന സത്യവും ഓർമ്മിക്കുവാൻ ഈ ഓണം നിമിത്തമാകട്ടെ എന്നാശിച്ചുകൊണ്ട് എല്ലാ വായനക്കാർക്കും ഹൃദ്യമായ ഓണാശംസകൾ നേരുന്നു.

*ചീഫ് എഡിറ്റർ*



എല്ലാ മാന്യ വായനക്കാർക്കും

രാഗലയം ശ്രുതി

കലാസാംസ്കാരിക മാസികയുടെ



ഓണാശംസകൾ





റ്റി.എം. സുരേഷ്കുമാർ

# അരങ്ങിന്റെ ഇന്നലെകൾ

## നരേന്ദ്രപ്രസാദ് അനുസ്മരണം

***എഴുത്തുകാരനായ നരേന്ദ്രപ്രസാദ് നടനെന്ന നിലയിലാണ് പ്രസിദ്ധി നേടിയത്. നാടകകൃത്തായും അദ്ദേഹം തിളങ്ങിയിട്ടുണ്ട്. എന്നാൽ അടിസ്ഥാനപരമായി അദ്ദേഹം സാഹിത്യ നിരൂപകനാണ്.***

സാഹിത്യനിരൂപകൻ, നാടകകൃത്ത്, നാടക സംവിധായകൻ, ചലച്ചിത്രനടൻ, പ്രഗൽഭനായ അദ്ധ്യാപകൻ എന്നീ നിലകളിൽ ഒരുപോലെ തിളങ്ങിനിന്ന നരേന്ദ്രപ്രസാദ്. മലയാളത്തിലെ ആധുനികതാ സാഹിത്യ പ്രസ്ഥാനത്തിലെ ജ്വലിച്ചുനിന്ന നിരൂപകനായിരിക്കുമ്പോഴാണ് അദ്ദേഹം പരീക്ഷണ നാടകവേദിയിലേക്ക് തിരിഞ്ഞത്; പിന്നീട് ചലച്ചിത്രത്തിലേക്കും. ആകാരഭംഗിയും ഘനഗംഭീരമായ ശബ്ദവും അദ്ദേഹത്തിനെ പെട്ടന്നു തന്നെ വാണിജ്യ സിനിമയിലെ പ്രധാനപ്പെട്ട പ്രതിനായകന്മാരിലൊരാളാക്കി മാറ്റി. ചെറുകഥയും നോവലും എഴുതിക്കൊണ്ടാണ് അദ്ദേഹം സാഹിത്യരംഗത്തേക്ക് പ്രവേശിച്ചത്. എങ്കിലും മലയാളത്തിലെ നവനിരൂപണ രംഗത്തെ പ്രഗൽഭനായ ചിന്തകനുമായിട്ടാണ് അദ്ദേഹത്തിന്റെ സാഹിത്യ സംഭാവന വിലയിരുത്തപ്പെടുന്നത്. ആധുനികതാ പ്രസ്ഥാനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട നിരൂപകരിലൊരാളായി അദ്ദേഹം മാറി.

1946 ഡിസംബർ 26 ന് മാവേലിക്കരയിൽ ശാസ്താംകുളങ്ങര രാഘവക്കുറുപ്പിന്റെയും ആഴാം വീട്ടിൽ ജാനകിയമ്മയുടേയും മകനായി ജനിച്ചു. മാവേലിക്കര ഗവ. ഹൈസ്കൂളിലും പന്തളം എൻഎസ്എസ് കോളഏത്ധഇള്ളം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ ബിരുദാനന്തബിരുദവും നേടി. പിന്നീട് തിരുവനന്തപുരത്ത് കേരള സർവ്വകലാശാലയുടെ കീഴിൽ ഇംഗ്ലീഷ് എം.എ യ്ക്ക് ചേർന്നു. പിൽക്കാല സാഹിത്യ ജീവിതത്തിന് പശ്ചാത്തലമൊരുക്കിയത്, അവിടെയുള്ള പ്രഗൽഭരായിട്ടുള്ള ഒട്ടനവധി അധ്യാപകരുടെ സമ്പർക്കമായിരുന്നു. സിവിൽ സർവീസ് പരീക്ഷ ജയി





ച്ചെങ്കിലും ഐഎഎസ്, ഐഫ്എസ് എന്നിവ കിട്ടാത്തതിനാൽ ഉപേക്ഷിച്ചു. പാലക്കാട് വിക്ടോറിയ കോളേജ് എന്നിവിടങ്ങളിൽ പ്രവർത്തിച്ചു. തുടർന്ന് തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ പ്രൊഫസർ. പിന്നീട് കോട്ടയം എം.ജി. സർവ്വകലാശാലയിൽ സ്കൂൾ ഓഫ് ലെറ്റേഴ്സിന്റെ മേധാവിയും പ്രൊഫസറും ആയി.

ഭാവുകത്വം മാറുന്നു, നിഷേധികളെ മനസ്സിലാക്കുക, ആധുനികതയുടെ മധ്യാഹ്നം, ജാതി പറഞ്ഞാലെന്ത്, എന്റെ സാഹിത്യ നിരൂപണങ്ങൾ, ഉണ്ണിപോകുന്നു എന്നിവയാണ് നരേന്ദ്രപ്രസാദിന്റെ പ്രധാന സാഹിത്യ വിമർശന കൃതികൾ. എൺപതുകളിൽ നാടകരംഗത്തേക്ക് തിരിഞ്ഞ അദ്ദേഹം സംവിധായകൻ, രചയിതാവ്, നടൻ എന്നീ നിലകളിലെല്ലാം മായാത്ത മുദ്രപതിപ്പിക്കുകയുണ്ടായി. നാടകത്തിലേക്ക് ആകൃഷ്ടനായ അദ്ദേഹം തിരുവനന്തപുരത്ത് നാട്യഗൃഹം എന്ന നാടകസംഘം രൂപീകരിച്ച് സ്വന്തം നാടകരചനകൾ സംവിധാനം ചെയ്തു. സൗപർണ്ണിക, ഇര, വെള്ളിയാഴ്ച, പടിപ്പുര, കുമാരൻ വരുന്നില്ല എന്നിവയാണ് അദ്ദേഹം രചിച്ച നാടകങ്ങൾ. സാമുവൽ ബക്കറ്റിന്റെ 'ഗോദായെക്കാത്ത്' (Waiting for Godot), എഡ്വേർഡ് ആൽബിയുടെ 'സൂസ്റ്റോറി', സി.എൻ. ശ്രീകണ്ഠൻ നായരുടെ 'ലങ്കാലക്ഷ്മി', ചെറുകാടിന്റെ നോവലിന് നൽകിയ നാടകാവിഷ്കാരമായ 'ശനിദശ' തുടങ്ങിയ നാടകങ്ങൾ നരേന്ദ്രപ്രസാദ് സംവിധാനം ചെയ്ത് അവതരിപ്പിച്ചു. 'സൗപർണ്ണിക'യ്ക്ക് കേരള സംഗീതനാടക അക്കാദമി അവാർഡും കേരള സാഹിത്യ അക്കാദമി അവാർഡും ലഭിച്ചിട്ടുണ്ട്. നമ്മുടെ സാംസ്കാരിക പൈതൃകത്തെ സമകാലിക നാടകവതരണവുമായി എങ്ങനെ സമന്വയിപ്പിക്കാം എന്നതിനെക്കുറിച്ച് ആഴത്തിൽ ചിന്തിച്ച ഒരു നാടകകൃത്തായിരുന്നു അദ്ദേഹം. നവീനതയുടെ ഊർജ്ജം സാഹിത്യത്തിന്റെ മേഖലയിൽ എത്തിക്കുന്നതിന് ശ്രമിച്ച നരേന്ദ്രപ്രസാദ് മലയാളത്തിലെ പ്രശസ്തരായ പല കവികളെയും ഉയർത്തിക്കാട്ടി. കടമ്മനിട്ട, ബാലചന്ദ്രൻ ചുള്ളിക്കാട് തുടങ്ങിയവർ ഇതിൽപ്പെടുന്നു.

നാടകമാണ് നരേന്ദ്രപ്രസാദിനെ സിനിമയിലെത്തിച്ചത്. ശ്യാമപ്രസാദ് തിരുവനന്തപുരം ദൂരദർശനുവേണ്ടി നിർമ്മിച്ച 'പെരുവഴിയിലെ കരിയിലകൾ' എന്ന ടിലിഫിലിമിൽ നെടുമുടി വേണുവിനൊപ്പം പ്രത്യക്ഷപ്പെട്ടുകൊണ്ട് അദ്ദേഹം ചലച്ചിത്രാഭിനയത്തിലേക്ക് കടന്നു. ആകാരഗരിമയിലും ശബ്ദഗാംഭീര്യത്തിലും മലയാളത്തിലെ ജനപ്രിയ ചലച്ചിത്രങ്ങളിലൂടെ അദ്ദേഹം പ്രേക്ഷകപ്രീതി പിടിച്ചുപറ്റി. നൂറ്റിയിരുപതോളം സിനിമകളിൽ അഭിനയിച്ച പ്രസാദിന്റെ ആദ്യചിത്രം 'അസ്ഥികൾ പൂക്കുന്നു' ആണ്. അതുവരെ നമ്മൾ കണ്ടിട്ടുള്ള പല നടന്മാരിൽ നിന്നും വ്യത്യസ്തമായ അഭിനയ പാടവവും സംഭാഷണ ശൈലിയും ഈ നടന്റെ മാത്രം പ്രത്യേകതയായി കാണാൻ സാധിക്കും. തലസ്ഥാനം, മേലേപറമ്പിൽ ആൺവീട്, ചേട്ടൻബാവ അനിയൻ ബാവ, ഏകലവ്യൻ, യാദവം, സായ്വർ തിരുമേനി, ആലഞ്ചേരി തമ്പ്രാക്കൾ തുടങ്ങി ഒട്ടനവധി സിനിമകളിൽ വ്യത്യസ്തമായ കഥാപാത്രങ്ങൾക്ക് അദ്ദേഹം ജീവൻ പകർന്നു. നായകനോടൊപ്പം പ്രതിനായകന്റെ സംഭാഷണത്തിനും തിയേറ്ററിൽ പ്രേക്ഷകന്റെ കയ്യടി നേടിയിട്ടുള്ള ഒരുപാട് മുഹൂർത്തങ്ങൾ ഉണ്ട്. "പതിനാറ് കൊല്ലം മുമ്പ് നെറ്റിപിളർന്ന് ചോരവീണ പുഴക്കരയിലെ പൂഴിമണ്ണ് വാരിയെടുത്ത് ഒരു പ്രതിജ്ഞ ചെയ്തിരുന്നു ഞാൻ, അത് മാറ്റാൻ സൂര്യൻ പടിഞ്ഞാറുദിച്ച് തുടങ്ങിയിട്ടൊന്നുമില്ലല്ലോ..." "പിഴയ്ക്കാത്ത ചുവടുകളുമായി അവനീ മണ്ണിലേക്ക് നടന്നെത്തിയത് അതൊരു വെറും യാത്രയല്ല..." കൊളപ്പുള്ളി അപ്പൻ എന്ന ശക്തനായ കഥാപാത്രത്തെ ആറാം തമ്പുരാനിൽ നമ്മൾ കേട്ടു. വില്ലനായും സ്വഭാവ നട

നായും അദ്ദേഹം അഭിനയിച്ചു. 1993 ൽ ജയരാജ് സംവിധാനം ചെയ്ത ‘പൈതൃകം’ എന്ന സിനിമയിലെ അഭിനയത്തിന് മികച്ച സഹനടനുള്ള സംസ്ഥാന അവാർഡ് ലഭിക്കുകയുണ്ടായി. നാടകരചനയ്ക്കും (1985) സമഗ്രസംഭാവനയ്ക്കും കേരള സാഹിത്യ അക്കാദമി പുരസ്കാരം (2002), നാടക സംവിധാനത്തിന് സംഗീത നാടക അക്കാദമി അവാർഡും നൽകി സാംസ്കാരിക കേരളം അദ്ദേഹത്തെ ആദരിച്ചു. സാമ്പ്രദായിക വില്ലൻ കഥാപാത്രങ്ങളിൽ നിന്ന് വ്യത്യസ്തമായി ഭേദപ്പെട്ട ഒട്ടേറെ വേഷങ്ങൾ ചെയ്ത അദ്ദേഹം തന്റെ വ്യക്തിത്വം അവിടെയും ഉറപ്പിച്ചു. എന്നാൽ നഷ്ടം നാടകവേദിക്കു തന്നെയായിരുന്നു. തനിക്കുമാത്രം സംഭാവന ചെയ്യുവാൻ കഴിയുമായിരുന്ന ചിലത് ബാക്കി നിർത്തിക്കൊണ്ടാണ് അദ്ദേഹം കഥാവശേഷനായത്.



ഉറ്റവർക്കും ഉടയവർക്കും ശിഷ്യന്മാർക്കും മാത്രമല്ല, നാടകപ്രേമികൾക്കും, സിനിമാ-സീരിയൽ പ്രേക്ഷകർക്കും ഒരുപിടി നല്ല ഓർമ്മകളും നൊമ്പരങ്ങളും നൽകിക്കൊണ്ട് എല്ലാ രംഗത്തും സജീവമായി വ്യാപരിക്കുമ്പോഴാണ് 2003 നവംബർ 3 ന് അദ്ദേഹം അന്തരിച്ചത്. നരേന്ദ്രപ്രസാദിന്റെ പ്രവർത്തന മേഖലകൾ വിപുലമാണെങ്കിലും മലയാള നാടകവേദിക്ക് നൽകിയ സംഭാവനകളുടെ പേരിലായിരിക്കും അദ്ദേഹം എക്കാലവും അറിയപ്പെടുക. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തി മാവേലിക്കര ആസ്ഥാനമാക്കി നരേന്ദ്രപ്രസാദ് നാടക പഠന ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. ഒട്ടനവധി സാംസ്കാരിക പ്രവർത്തനങ്ങൾ ഇവിടെ നടക്കുന്നുണ്ട്. ആ അനശ്വര വ്യക്തിത്വത്തിന് ‘രാഗലയം ശ്രുതി’ സാംസ്കാരിക മാസികയുടെ സ്മരണാഞ്ജലി നേരുന്നു. ●

---

# രാഗലയം ശ്രുതി കലാ–സാംസ്കാരിക മാസിക

ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല. കേരളം - 690507. ഫോൺ : 0479 - 2470429, 9447037037932

## (Subscription Form)

പേര് :.............................................................................................................

വിലാസം :.........................................................................................................

.........................................................................................................................

ജില്ല : ....................................പിൻകോഡ്................................മൊബൈൽ ..................................

ഇ-മെയിൽ .............................................................................................

വാർഷിക വരിസംഖ്യ 200/- രൂപ ☐ ലൈഫ് മെമ്പർഷിപ്പ് - 3000/- രൂപ ☐

തീയതി : ഒപ്പ്

വിലാസം - **മാനേജിംഗ് എഡിറ്റർ, രാഗലയം ശ്രുതി, ചേപ്പാട് പി.ഒ., ആലപ്പുഴ ജില്ല, കേരളം – 690507**

വരിസംഖ്യ ഓൺലൈനായി അടയ്ക്കുവാൻ **A/c No. - 18600100000295, Ragalayam Sruthy, Federal Bank, Cheppad Branch, IFS Code - FDRL0001860** എന്ന നമ്പറിൽ പണമടച്ച് ഫോണിൽ വിളിച്ചുപറയുക. **ഫോൺ നമ്പർ : 09447037932**




ഡോ. ടി.ആർ. രാഘവൻ

# ദി കാസിൽ ഫ്രാൻസ് കാഫ്ക



ആധുനിക ലോകത്തിന്റെ ഉത്കണ്ഠയും സംത്രാസവും ശക്തിമത്തായി ആവിഷ്കരിച്ച പ്രസിദ്ധ സാഹിത്യകാരനായിരുന്നു ജർമ്മൻ നോവലിസ്റ്റ് ഫ്രാൻസ് കാഫ്ക. രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം സാഹിത്യലോകത്തെ ഇത്രത്തോളം സ്വാധീനിച്ചിട്ടുള്ള മറ്റൊരെഴുത്തുകാരനില്ലതന്നെ. ചെറുപ്പം തൊട്ടേ നിരന്തരം എഴുതിയിരുന്നുവെങ്കിലും വിരലിലെണ്ണാവുന്ന കൃതികളേ കാഫ്ക ജീവിതകാലത്തു പ്രസിദ്ധീകരിച്ചിട്ടുള്ളു. ലോകസാഹിത്യത്തിലെ മികച്ച കഥകളിലൊന്നായ രൂപാന്തരപ്രാപ്തി (Metamorphosis) അവയില്പ്പെടുന്നു. തന്റെ രചനകളിൽ ഒരിക്കലും തൃപ്തിവരാത്ത അദ്ദേഹത്തിന്റെ ബഹുഭൂരിപക്ഷം സൃഷ്ടികളും അപൂർണ്ണങ്ങളത്രെ. ഏറ്റവും നല്ല കൃതികളായി കണക്കാക്കപ്പെടുന്ന കുറ്റവിചാരണ (Trial) യുടെയും കോട്ട (Castle) യുടെയും സ്ഥിതി വ്യത്യസ്തമല്ല. താനെഴുതിവച്ചിരുന്നതൊക്കെ മരണശേഷം കത്തിച്ചുകളയണമെന്ന് കാഫ്ക ആത്മസുഹൃത്തായ മാക്സ് ബ്രോഡിനെ പറഞ്ഞേല്പിച്ചിരുന്നു. ബ്രോഡ് അത് അവഗണിച്ചെന്നു മാത്രമല്ല കാഫ്കയുടെ കൃതികൾ പ്രസിദ്ധീകരിക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ജീവിതം ഉഴിഞ്ഞുവയ്ക്കുക പോലും ചെയ്തു.


രണ്ടാം ലോകമഹായുദ്ധത്തിനു ശേഷമാണ് യൂറോപ്പ് കാഫ്കയെ ശ്രദ്ധിച്ചത്. തങ്ങൾ കടന്നുപോന്ന പേക്കിനാവിന്റെ ഭീകരത അതിനും രണ്ടു

മൂന്നു ശതാബ്ദം മുമ്പുതന്നെ കാഫ്ക പ്രവചനാത്മകമായി ആവിഷ്കരിച്ചിരുന്നുവെന്ന് അവർ കണ്ടെത്തി. കുറ്റവിചാരണ (Trial) ഒരു ഉദാഹരണമാണ്. മര്യാദക്കാരനും മാന്യനുമായ ജോസഫ് കെ. എന്ന ബാങ്ക് ഗുമസ്തൻ രണ്ടു ദിവസം അറസ്റ്റു ചെയ്യപ്പെടുന്നു. കാരണമെന്താണെന്ന് ആർക്കും പിടിയില്ല. വിചിത്രമെന്നു വിശേഷിപ്പിക്കാവുന്ന ഒരു കോടതിയിലാണ് അദ്ദേഹം ഹാജരാക്കപ്പെടുന്നത്. അവിടുത്തെ നടപടിക്രമങ്ങളെക്കുറിച്ച് ആർക്കും ഒന്നുമറിഞ്ഞുകൂടാ. ജഡ്ജിമാർ ഏറെക്കുറെ അദൃശ്യരാണ്. കുറ്റാരോപണങ്ങളിൽ നിന്നു വിമോചനം ലഭിക്കാൻ കെ നടത്തുന്ന ശ്രമങ്ങളാണ് ഈ നോവലിന്റെ ഉള്ളടക്കം. അയാൾ പലരുടെയും സഹായം തേടുന്നുണ്ടെങ്കിലും ഒന്നും ഫലിക്കുന്നില്ല. ഒടുവിൽ ഒരു കൊല്ലത്തിനു ശേഷം ഒരു സുപ്രഭാതത്തിൽ ആരാച്ചാരന്മാരാണെന്ന് അവകാശപ്പെടുന്ന രണ്ടു പേർ അയാളെ പിടിച്ചുകൊണ്ടുപോയി വധിച്ചു കളയുന്നു. ഈ നോവൽ യുക്തിചിന്തയെ പരിഹാസ്യമാക്കുന്നു. നിരപരാധിത്വം തെളിയിക്കാനാകാതെയും എതിർപ്പിനു മുതിരാതെയും നായകൻ വധശിക്ഷയ്ക്ക് വിധേയനാകുന്നു.

കാഫ്കയുടെ ജീവിതത്തിലെ ദീപസ്തംഭം, ദുർഗ്ഗം എന്ന നോവലാണ്. ഈ നോവൽ കാഫ്ക പൂർത്തിയാക്കിയിട്ടില്ല. ഒരധ്യായം കൂടി ഉണ്ടെങ്കിൽ നോവൽ പൂർണ്ണമാകുമെന്ന് കാഫ്ക മാക്സ് ബ്രോഡിനോട് പറഞ്ഞിരുന്നു. ഇത് കാഫ്കയുടെ ആത്മകഥാപരമായ നോവലാണെന്ന് ചില നിരൂപകന്മാർ അഭിപ്രായപ്പെടുന്നു.

ദി കാസിൽ (കോട്ട) എന്ന നോവലിൽ കെ പേരില്ലാത്തൊരു ഗ്രാമത്തിൽ ലാൻഡ് സർവ്വേയറായിട്ടാണ് എത്തിച്ചേരുന്നത്. ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ എതിർപ്പുകളെ നേരിടേണ്ടിവരുന്ന കെയുടെ നിശ്ചയദാർഢ്യം അപ്പാടെ ചോർന്നുപോകുന്നു. ലാൻഡ് സർവ്വേയറായിട്ടാണ് നിയമിക്കപ്പെട്ടതെങ്കിലും അങ്ങനെയൊരു തസ്തിക അവിടെയില്ലെന്ന വസ്തുത കഥാനായകനെ ചിന്താകുഴപ്പത്തിലാക്കുന്നു. അയുക്തികത നിറഞ്ഞ ആ ഗ്രാമത്തിലെ ജീവിതം സ്വന്തം അസ്തിത്വത്തെ അവതാളത്തിലാക്കുന്നു. ദുരൂഹത നിറഞ്ഞു നിൽക്കുന്ന കോട്ടയുടെ വേലി കടന്നാൽ അധികാരം ലഭിക്കുമെന്ന അറിവ് നേടുമ്പോഴേക്ക് നായകൻ അതിനു കഴിവില്ലാതെ പരിക്ഷീണനാകുന്നു. അപ്രകാരം സർവ്വശക്തിയും ഏതോ അജ്ഞാതശക്തികളുടെ ചരടുവലികളാൽ നിയന്ത്രിതവുമായ ദുർഗ്ഗത്തിൽ കയറിപ്പറ്റാനുള്ള കെ യുടെ വിഫല ശ്രമങ്ങളാണ് ദുർഗ്ഗത്തിന്റെ സമഗ്രസാരം.

കാഫ്കയുടെ നോവലുകളിൽ ഏറ്റവും സങ്കീർണ്ണമായ രചനയാണ് കോട്ട. നഗരകേന്ദ്രീകൃതമായ വിചാരണയിൽ നിന്നു വ്യത്യസ്തമായ കോട്ട ഗ്രാമജീവിതത്തിലും മനുഷ്യബന്ധങ്ങളിലും കേന്ദ്രീകരിക്കുന്നു. സമുദായവും വ്യക്തിയും തമ്മിലുള്ള ഏറ്റുമുട്ടലും എന്തിനോ വേണ്ടിയുള്ള തെരച്ചിലും കോട്ടയിൽ പ്രമേയമാകുന്നു. 1922 ജനുവരി




27 നാണ് കാഫ്ക കോട്ട എഴുതാൻ തുടങ്ങിയത്. അന്നാണ് ചെക്ക് പർവ്വത പ്രദേശത്തുള്ള സ്പിൻഡ്ലേർമുലെ എന്ന മഞ്ഞു നിറഞ്ഞ വിശ്രമകേന്ദ്രത്തിൽ കാഫ്ക എത്തിച്ചേർന്നത്. കാഫ്ക നോവൽ അന്ന് പൂർത്തിയാക്കിയിട്ടില്ല. മാക്സ് ബ്രോഡ് അത് 1926 ൽ ജർമ്മൻ ഭാഷയിൽ പ്രസിദ്ധീകരിച്ചു. 1930 ൽ എഡ്വിൻ മ്യൂറും വില്ല മ്യൂറും ചേർന്ന് 'കോട്ട' ഇംഗ്ലീഷിൽ പരിഭാഷപ്പെടുത്തി.

കൺമുന്നിൽ കാണാവുന്ന ദുർഗ്ഗം ഒരു യാഥാർത്ഥ്യമായിരുന്നെങ്കിൽ കെ യെ സംബന്ധിച്ചിടത്തോളം അത് അപ്രാപ്യമായ ഒരു മിഥ്യയായിരുന്നു. കലാകാരനായ കാഫ്കയുടെ സ്വകാര്യ ജീവിതവും പിതാവിന്റെ കർക്കശത്വവും തമ്മിലുള്ള വൈരുദ്ധ്യം കെ യും ദുർഗ്ഗവും തമ്മിലുള്ള ബന്ധത്തിൽ നമുക്ക് കാണാം. ദുർഗ്ഗം ഒരിക്കലും അയാളോട് കരുണ കാട്ടിയിട്ടില്ല. ബൈബിളിലെ ഇയ്യോബിനെപ്പോലെയായിരുന്നു കെ. വ്യക്തിയും സമൂഹവും തമ്മിലുള്ള അയഞ്ഞ ബന്ധത്തെ, ചിന്തയും പ്രവൃത്തിയും തമ്മിലുള്ള ബന്ധമില്ലായ്മയെ എല്ലാം ദുർഗ്ഗം പ്രതിരൂപാത്മകമായി ധ്വനിപ്പിക്കുന്നു. മനുഷ്യജീവിതത്തിന് ഒരാധിപത്യശക്തിയുണ്ടോ എന്ന നിത്യമായ തമസ്സിൽ കിടന്നുപിടയുന്ന മനുഷ്യാത്മാവിനോട് അതു നീതി പുലർത്തുന്നുണ്ടോ? ഈ ദാർശനിക പ്രശ്നമാണ് കാഫ്ക ദുർഗ്ഗത്തിലൂടെ ഉയർത്തുന്നത്.





വായനക്കാരെയും നിരൂപകരെയും പരിഭ്രമിപ്പിക്കുകയും പലതരം വ്യാഖ്യാനങ്ങൾക്കു വഴി തെളിയിക്കുകയും ചെയ്ത നോവലാണ് കോട്ട. അതുകൊണ്ട് തീക്ഷ്ണവും വിചിത്രവും സങ്കീർണ്ണവുമായ കാഫ്കയുടെ പ്രതിഭ നിരവധി വിമർശകരിൽ നിന്നും ഭിന്നാഭിപ്രായങ്ങൾ ക്ഷണിച്ചുവരുത്തി. ആരാണ് കെ? അയാൾ തേടുന്ന കോട്ടയുടെ യഥാർത്ഥ സ്വഭാവമെന്താണ്? യഥാർത്ഥത്തിൽ കെയുടെ തൊഴിലെന്താണ്? ഒട്ടേറെ ചോദ്യങ്ങൾ! കോട്ട പ്രതിനിധാനം ചെയ്യുന്നത് അധികാരത്തെയാണോ, മതത്തെയാണോ? അലിഗറിയാണോ തന്റെ കൃതി വിഭാവനം ചെയ്തിരിക്കുന്നത്. ബ്യൂറോക്രസിയുടെ മനുഷ്യത്വ ശൂന്യമായ മുഖമാണോ നോവൽ അവതരിപ്പിക്കുന്നത്? കാഫ്കയുടെ പ്രതിരൂപമാണോ? ജൂതനെന്ന നിലയിൽ കാഫ്ക നേരിടുന്ന അനുഭവങ്ങളും മതാനുഭൂതികളും കോട്ടയിൽ പ്രതിനിധാനം ചെയ്യപ്പെടുന്നുണ്ടോ? പിന്നെയും ചോദ്യങ്ങൾ ഉയർന്നുവരുന്നു.

കാഫ്ക ഒരേസമയം റിയലിസ്റ്റും ആക്ഷേപഹാസ്യകാരനും, ശൂന്യതാവാദിയും നൈരാശ്യത്തിന്റെ പ്രവാചകനും, സാമൂഹ്യ ചിന്തകനും ഒക്കെയായി. പ്രസിദ്ധ മാർക്സിസ്റ്റ് നിരൂപകനായ ലൂക്കാച്ചിന്റെ അഭിപ്രായത്തിൽ കാപ്പിറ്റലിസത്തിന്റെ നാടകീയതയും അതിനു വിധേയനാവുന്ന മനുഷ്യന്റെ ധർമ്മസങ്കടങ്ങളുമാണ് കാഫ്കയുടെ കൃതികൾ. 1938 ന് മുമ്പ് ജർമ്മനിയിലുണ്ടായിരുന്ന യഹൂദന്മാരുടെ കഷ്ടപ്പാടുകളുടെ ആഖ്യാനമാണ് കാഫ്കയുടെ കൃതികൾ എന്നു മറ്റൊരു വ്യാഖ്യാനവുമുണ്ട്. പലതരം പാഠങ്ങൾ, ഭാഷ്യങ്ങൾ. ചിലർക്ക് കാഫ്കയുടെ കൃതികൾ ദൈവത്തെക്കുറിച്ചുള്ള അന്വേഷണം നിറഞ്ഞ മനുഷ്യാവസ്ഥയുടെ ദൈവശാസ്ത്രപരമായ ദൃഷ്ടാന്തകഥ (parable) കളാണ്. ചിലർക്ക് മുതലാളിത്ത ജീർണ്ണതയുടെ പ്രതിരൂപമായിരുന്നു അദ്ദേഹം. ഇടതുപക്ഷക്കാർ കാഫ്കയെ യാഥാസ്ഥിതികനായി കണ്ടു. മലയാളത്തിലെ മാർക്സിസ്റ്റുകാരും ബൂർഷ്വാ ജീർണ്ണതയുടെ പ്രതിപുരുഷനായാണ് കാഫ്കയെ കണ്ടത്. ആധുനിക പ്രസ്ഥാനത്തിലെ നിരൂപകരാകട്ടെ ഴ്ങ്ങ്പോൾ സാർത്രിനെ പിന്തുടർന്ന കെ യെ / കാഫ്കയെ അസ്തിത്വ മനുഷ്യനായും നേരെ വിപരീതമായി ആൽബർ കാമുവിനെ പിന്തുടർന്ന് അസംബന്ധ മനുഷ്യനായും കണ്ടു. എങ്കിലും കമ്യൂണിസ്റ്റ് ചെക്കോസ്ലോവാക്യ സ്വന്തം പുത്രനെ തള്ളിപ്പറഞ്ഞില്ല. ഫ്രാൻസ് ഉൾപ്പെടെയുള്ള പശ്ചിമ യൂറോപ്യൻ രാജ്യങ്ങളിലെ ഇടതുപക്ഷക്കാർക്കും കാഫ്ക മഹാനായ എഴുത്തുകാരനായിരുന്നു.

കാഫ്കയുടെ കല ലോകമെങ്ങുമുള്ള പിൻതലമുറയെ ശക്തിയായി സ്വാധീനിച്ചിട്ടുണ്ട്. ആധുനിക നോവലിലും അസംബന്ധ നാടകവേദിയിലും (Theatre of the absurd) കാഫ്കയുടെ നിഴൽ നിറഞ്ഞു നിൽക്കുന്നു. ഇരുപതാം നൂറ്റാണ്ടിന്റെ വിശ്രുത ചിന്തകനായ സാർത്ര് തന്റെ 'സത്തയും ഇല്ലായ്മയും' (Being and Nothingness) എന്ന പ്രസിദ്ധ തത്ത്വചിന്താഗ്രന്ഥത്തിലെ വാദങ്ങൾക്ക് ശക്തിപകരാൻ കാഫ്കയുടെ കൃതികളെയാണ് ആശ്രയിക്കുന്നത്. കാമുവിന് അസംബന്ധമനുഷ്യരായിരുന്നു (Absurd man) കാഫ്കയുടെ കഥാപാത്രങ്ങൾ. വ്യത്യസ്ത വീക്ഷണങ്ങളിൽ ഒട്ടേറെ എഴുത്തുകാർ കാഫ്കയുടെ പൈതൃകം സ്വീകരിക്കുന്നു. ഗബ്രിയേൽ ഗാർസ്യ മാർക്വസ്, മിലൻകുന്ദേര, പ്രമോലേവി തുടങ്ങിയ എത്രയോ പേർ.

കാഫ്കയസ്ക് (Kafkaesque) എന്നൊരു വിശേഷപദം തന്നെയുണ്ട് ഇംഗ്ലീഷിൽ. മനുഷ്യത്വരഹിതമായ അധികാരവും ബ്യൂറോക്രസിയുടെ ചുവപ്പുനാടയും ഭയാശങ്കകളും നിറഞ്ഞ ദുഃസ്വപ്ന സമാനമായ ലോകത്തെ വിശേഷിപ്പിക്കാനാണ് ഈ പദം ഉപയോഗിക്കുന്നത്. കാഫ്ക തന്റെ ശ്രേഷ്ഠ കൃതിയായ കോട്ടയിൽ സൃഷ്ടിച്ചു കാണിച്ച ലോകമാണത്. ഗബ്രിയേൽ ഗാർസ്യാ മാർക്വേസിന്റെ 'കുലപതിയുടെ പതനം' (Autumn of the patriarch), ഒ.വി. വിജയന്റെ ധർമ്മപുരാണം, ബെർഹസിന്റെ കഥകളിലും 'കാഫ്കയസ്ക്' ലോകാവസ്ഥ കാണാം. 20-ാം നൂറ്റാണ്ടിലെ ലോകസാഹിത്യത്തിൽ അത്രമേൽ ഗാഢമായ സ്വാധീനമാണ് ഫ്രാൻസ് കാഫ്ക സൃഷ്ടിച്ചത്. ●



പി.കലേശൻ

# അങ്ങനെയും ഒരു കാലം

ആയിരത്തി തൊള്ളായിരത്തി അറുപത്തിയഞ്ച് അറുപത്താറ് കാലഘട്ടമാണ്. അന്ന് സവർണ്ണ മേധാവിത്വം എല്ലാ മേഖലയിലും നിറഞ്ഞു നിന്നിരുന്നു. അതുകൊണ്ടുതന്നെ ഉച്ചനീചത്വങ്ങൾ കലാരംഗത്തും ഉണ്ടാവുക സ്വാഭാവികമാണല്ലോ. കാഥികൻ എസ്.എസ്. ഉണ്ണിത്താൻസാറിന്റെ കൂടെ സഹകരിച്ചുകൊണ്ടിരിക്കുന്ന കാലമായിരുന്നു അത്. പേരുകൊണ്ടുതന്നെ അദ്ദേഹം ഒരു ഉന്നതകുലജാതനാണെന്ന് മനസ്സിലാക്കി മിക്കവാറും മേജർ ക്ഷേത്രങ്ങളിൽ അദ്ദേഹത്തിനു പരിപാടി നൽകുന്നതിൽ ഭാരവാഹികൾ പ്രത്യേകം താൽപര്യം കാണിക്കുമായിരുന്നു. അതുകൊണ്ട് കേരളത്തിലെ മിക്ക വലിയ ക്ഷേത്രങ്ങളിലും, പ്രത്യേകിച്ച്, അമ്പലപ്പുഴ, മാവേലിക്കര, ചെങ്ങന്നൂർ, തിരുവല്ല, ഹരിപ്പാട്, ചോറ്റാനിക്കര, കോഴിക്കോട്, ശ്രീകണ്ഠേശ്വരം എന്നീ മഹാക്ഷേത്രങ്ങളിൽ പരിപാടികൾ നടത്താൻ കഴിഞ്ഞിട്ടുണ്ട്. കഥാപ്രസംഗത്തിന് പ്രചാരം വർദ്ധിച്ചുവന്ന അക്കാലത്ത് കേന്ദ്ര - കേരള ഗവൺമെന്റുകൾ, പഞ്ചവത്സര പദ്ധതി, കുടുംബാസൂത്രണ പദ്ധതി എന്നിവരുടെ പ്രചാരണത്തിനുവേണ്ടി കഥാപ്രസംഗം മാദ്ധ്യമമാക്കി. ഇതിനുവേണ്ടി കുറെ പ്രശസ്തരായ കാഥികന്മാരെ തെരഞ്ഞെടുത്തു. അതിൽ ഉണ്ണിത്താൻസാറിനും അംഗീകാരംകിട്ടി. എല്ലാ മാസവും അഞ്ചു പരിപാടികൾ വീതം കേരളത്തിലെ ഓരോ ജില്ലയിലും നടത്തണം. പഞ്ചവത്സര പദ്ധതിയെ പ്രോത്സാഹിപ്പിക്കുന്ന ഇതിവൃത്തമായിരിക്കണം അവതരിപ്പിക്കേണ്ടത്. അതിനുവേണ്ടി ഒരു കഥയും ഉണ്ണിത്താൻസാറ് തയ്യാറാക്കി. തൃശ്ശൂർ മുതൽ കണ്ണൂർ വരെയുള്ള ജില്ലകളിലായിരുന്നു ഞങ്ങൾക്കു പരിപാടി നടത്തുവാൻ സർക്കാർ തീരുമാനിച്ച് നിർദ്ദേശം തന്നത്. അതനുസരിച്ച് ഓരോ ജില്ലയിലേയും ഗ്രാമപ്രദേശങ്ങളിൽ ഞങ്ങൾ പരിപാടി അവതരിപ്പിച്ചു. അന്ന് വിദ്യാഭ്യാസം ലഭിക്കാത്ത ധാരാളം ആളുകൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ ഉണ്ടായിരുന്നു. അവരിൽ കലയിലൂടെ പദ്ധതിയുടെ പ്രയോജനങ്ങളെപ്പറ്റി സാമാന്യബോധമുണ്ടാക്കാനാണ് ശ്രമിച്ചത്. ആ ശ്രമം വിജയിച്ചോ, പരാജയപ്പെട്ടോ എന്ന് എനിക്കറിയില്ല.

ഏതായാലും എല്ലാ മാസങ്ങളിലും സർക്കാരിന്റെ വക അഞ്ചു പരിപാടികൾ ഞങ്ങൾക്കു കിട്ടുന്നത് ഒരനുഗ്രഹമായിരുന്നു എന്നുള്ളത് ഒരു സത്യം തന്നെയാണ്. ഏകദേശം രണ്ടു വർഷക്കാലം സർക്കാരിന്റെ പരിപാടികൾ, ഉത്സവ സീസൺ കഴിഞ്ഞാലും മുടങ്ങാതെ കിട്ടിക്കൊണ്ടിരുന്നു. അത് അന്നത്തെ പ്രയാസമേറിയ ജീവിതത്തിന് തെല്ലൊരാശ്വാസമായി.

ഒരു ഏപ്രിൽ മാസത്തിന്റെ അവസാനത്തിൽ ഞങ്ങൾ പരിപാടികൾ നടത്തുവാൻ തലശ്ശേരിയുടെ കിഴക്കൻ പ്രദേശങ്ങളിൽ എത്തി. പക്ഷെ അവിടെ താമസ സൗകര്യമൊന്നുമില്ലാത്തതിനാൽ വടകര ടി.ബി.യിൽ മുറിയെടുത്തു. ഓരോ ദിവസവും പരിപാടികഴിഞ്ഞ് ടി.ബി.യിൽ വന്ന് രാത്രി കഴിച്ചുകൂട്ടുകയായിരുന്നു. എന്നാൽ കടുത്ത വേനൽക്കാലമായതിനാൽ വെള്ളത്തിനു കടുത്ത ക്ഷാമമുണ്ടായി. അതുകൊണ്ട് ടി.ബി.യിലും വെള്ളം വളരെ കുറച്ചുമാത്രമേ ലഭിച്ചിരുന്നുള്ളു. ആയതിനാൽ കുളിക്കുന്നതിനും, തുണികൾ കഴുകുന്നതിനും മറ്റുമാർഗ്ഗമന്വേഷിക്കേണ്ടിവന്നു. രാവിലെ ഉറക്കം ഉണർന്നു കഴിഞ്ഞാൽ പെട്ടെന്ന് കാപ്പികഴിച്ചെന്നു വരുത്തി കുളിക്കുന്നതിനുവേണ്ടിയുള്ള ശ്രമം തുടങ്ങുകയായി. അടുത്ത് പുഴകളൊന്നുമില്ലാത്തതിനാൽ കുളങ്ങൾ അന്വേഷിച്ചു നടന്നു. കുറച്ചു ദൂരം ചെന്നപ്പോൾ സാമാന്യം വൃത്തിയുള്ള ഒരു കുളം കണ്ടു. ഞങ്ങൾ, ഹാർമ്മോണിയം വായിക്കുന്ന കോടമ്പള്ളി ഗോപി, ഞാൻ, ക്ലാർനെറ്റു വായിക്കുന്ന ഖാൻ എന്നിവർ ആ കുളത്തിലിറങ്ങി സുഖമായി കുളിച്ചു. കുളികഴിഞ്ഞ് എല്ലാവരും കുളത്തിന്റെ പടികൾ ചവിട്ടി കയറിക്കൊണ്ടിരുന്നപ്പോൾ രണ്ടുമൂന്നു മദ്ധ്യവയസ്കർ അവിടെയെത്തി പരുഷമായി ഞങ്ങളോട് ആരു പറഞ്ഞിട്ടാണ് ഈ കുളത്തിൽ ഇറങ്ങിയത്. ഇത് അമ്പലക്കുളമോ, സർക്കാരു കുളമോ അല്ല. ഞങ്ങളുടെ കുടുംബവക കുളമാണ്.




# ആവണിത്തിങ്കൾ



ചേപ്പാട് ഭാസ്കരൻനായർ

അത്തപ്പൂക്കളം കൺതുറന്നീടുമ്പോൾ
ആവണിത്തിങ്കളും പുഞ്ചിരിച്ചു
പൂപ്പൊലിപ്പാട്ടിന്റെയീരടികൾ കേട്ട്
പൂ നിലാവിൽ തെന്നൽ ഏറ്റുപാടി.
"പൂവേ പൊലി പൊലി", "പൂവേ പൊലി പൊലി"
പൂക്കൂടയെല്ലാം കവിഞ്ഞിടുന്നൂ...
മലയാളപ്പഴമതൻ പരിപാകമെല്ലാം
മലരണിപ്പൂക്കളായ് മിന്നിടുന്നൂ
തൃക്കാക്കരത്തേവരെഴുന്നള്ളും നേരത്ത്
തൃക്കൺപാർക്കാനായ് താരകങ്ങൾ
താരഹാരങ്ങളുമായി നിരന്നെല്ലോ
തുയിലുണരൂ ഹാ! കിളിമകളേ...
അത്തച്ചമയമണിഞ്ഞൊരുങ്ങീടുന്നു
മലരായ മരലെല്ലാം കൺതുറന്നേ!!



ഇതിൽ മറ്റുള്ളവർ ഇറങ്ങി കുളിക്കുന്നത് ഞങ്ങൾക്കിഷ്ടമല്ല. ഞങ്ങൾ നായന്മാർ മാത്രം കുളിക്കുന്ന കുളമാണ്. മറ്റു സമുദായക്കാർ ഇവിടെ കുളിക്കാൻ അനുവദിക്കുകയില്ല . എന്നിങ്ങനെ സംസാരിച്ചു. ഇതെല്ലാം കേട്ട് ജാള്യതയോടെ, എന്നാൽ കൂടുതൽ ശകാരം കേൾക്കാതിരിക്കുന്നതിനും വേണ്ടി വളരെ വിനയപൂർവ്വം ഞങ്ങൾ അവരോട് പറഞ്ഞു. ഞങ്ങൾ തിരുവതാംകൂറിൽ നിന്നു വന്നവരാണ്. ഇവിടെ ടി.ബി.യിൽ താമസിക്കുന്നു. എസ്.എസ്.ഉണ്ണിത്താൻ എന്ന കാഥികന്റെ കൂടെ സംഗീതോപകരണങ്ങൾ കൈകാര്യം ചെയ്യുന്നവരാണ്. ടി.ബി.യിൽ വെള്ളമില്ല. അതുകൊണ്ട് ഇവിടെയെത്തിയതാണ്. തന്നെയുമല്ല ഞങ്ങളെല്ലാം നായന്മാരുമാണ് എന്ന് രക്ഷപ്പെടാൻ വേണ്ടി ഒരു  തട്ടു തട്ടു  കയും ചെയ്തു. ഇതു കേട്ടുകഴിഞ്ഞപ്പോൾ അവരിൽ പ്രായം ചെന്ന ഒരാൾ ഞങ്ങളിൽ രണ്ടുപേരെ നോക്കി  നിങ്ങൾ നായന്മാരാണെന്നു പറഞ്ഞാൽ വിശ്വസിക്കാം പക്ഷെ കോടമ്പള്ളി ഗോപിയെ ചൂണ്ടിക്കൊണ്ട്  ഇയാൾ നായരാണോ?  ആ ചോദ്യം കേട്ട് ഞങ്ങൾ ഞെട്ടിപ്പോയി. എന്റെ പ്രിയ സുഹൃത്ത് ശ്രീ കോടമ്പള്ളി ഗോപി കരിക്കട്ടപോലെ കറുത്ത ആറടിയിലധികം ഉയരമുള്ള ഒരാളാണ്. മാത്രമല്ല കോടമ്പള്ളി ഗോപാലപിള്ള എന്ന പ്രസിദ്ധ സംഗീതജ്ഞന്റെ മകനുമാണ്. അദ്ദേഹത്തെ കണ്ടിട്ടാണ് നായരാണോ എന്ന സംശയം ഉണ്ടായത്. ഏതായാലും ഞങ്ങളുടെ വിനയപൂർവ്വമായ മറുപടി അവർ ഏകദേശം വിശ്വസിച്ചു. പക്ഷെ ഒന്നു മുന്നറിയിപ്പു നൽകി.  ഇതുപോലെയുള്ള കുളങ്ങൾ ചില കുടുംബങ്ങളിൽ ഉണ്ട് അവിടെ നിങ്ങൾ കുളിക്കുകയോ, വസ്ത്രം കഴുകുകയോ ചെയ്യരുത്. ഇപ്പോഴും ഇവിടെയുള്ളവർ അയിത്തമൊക്കെ ആചരിക്കുന്നവരാണ്. ഞങ്ങളെപ്പോലെയല്ല എല്ലാവരും  എന്നു കരുതുക . ഇതു കേട്ട് ഞങ്ങൾ അന്നത്തെ സാമൂഹ്യ വ്യവസ്ഥിതിയെപ്പറ്റി ഓർത്ത് വിഷമിച്ച് ടി.ബി.യെ ലക്ഷ്യമാക്കി വേഗം നടന്നു. ●

# അഷ്ടപദി സംഗീതം – ഒരു പഠനം

ഭാഗം 26



കലാരത്നം അച്യുതശാസ്ത്രി

ഗീതഗോവിന്ദ മഹാകാവ്യത്തിലെ അവസാനത്തെ അഷ്ടപദിയിൽ നിഗൂഢമായിട്ടുള്ളത്, ഈ പ്രപഞ്ചമെന്ന പ്രതിഭാസത്തിൽ അനന്തകോടി നക്ഷത്രങ്ങൾ, സൂര്യചന്ദ്രന്മാർ, ഗ്രഹങ്ങൾ, പുഴകൾ, നദികൾ, സമുദ്രങ്ങൾ, വൃക്ഷങ്ങൾ, മലകൾ, മനുഷ്യർ, മൃഗങ്ങൾ, മറ്റെല്ലാ ചരാചരങ്ങളുടേയും നിലനില്പ് സാക്ഷാൽ അദൃശ്യരൂപിയായ ബ്രഹ്മത്തിന്റെ പ്രാഭവം കൊണ്ടുമാത്രമാണ് എന്നുള്ളതാണ്. രാധയാകുന്ന ജീവാത്മാവിന്റെ എല്ലാ ആഗ്രഹങ്ങളും പൂർണ്ണമായി സാധിച്ചുകൊടുക്കുകയാണ് സാക്ഷാൽ പരബ്രഹ്മ പ്രതീകമായ ശ്രീകൃഷ്ണൻ. ശരീരത്തിൽ നടക്കുന്ന എല്ലാ വൈകാരിക ഭാവങ്ങളുടേയും വിഷയപരമായ ആഗ്രഹങ്ങളുടേയും പൂർണ്ണത ആ ശക്തിയുള്ളതുകൊണ്ടു മാത്രമാണെന്നുള്ള ദർശനം തന്നെയാണ് അഷ്ടപദിയിൽ കാണുന്നത്. ശോകവും സുഖവും ദുഃഖവും കാമവും ഭോഗവും നവരസങ്ങളും എല്ലാം ഉണ്ടാകുന്നത് ആ ശക്തിവിശേഷത്താലാണ്. അത് അനാദിയും അരൂപിയും അനന്തവും സനാതനവുമാണ്.

ജയദേവമഹാകവി ഗീതഗോവിന്ദം രചിച്ചത് ഭൗതിക സുഖഭോഗങ്ങൾക്കു മാത്രം പ്രാധാന്യം കല്പിക്കുന്ന ജനതയ്ക്ക് ആ സുഖങ്ങളുടെയെല്ലാം നിലനില്പ് പ്രപഞ്ചത്തെ ഭരിക്കുന്ന അരൂപിയായ ഒരു ശക്തിവിശേ, മായ ബ്രഹ്മം എന്നറിയപ്പെടുന്ന ദർശനമാണെന്ന് ബോദ്ധ്യപ്പെടുത്തുവാനാണ്. വിഷയസുഖങ്ങൾ ശരീരം നിലനിൽക്കുന്നിടത്തോളം കാലമേ ഉള്ളു. ആ ശരീരത്തിന്റെ പ്രജ്ഞയും ഓജസ്സും നഷ്ടപ്പെടുമ്പോൾ പിന്നെ വിഷയസുഖങ്ങൾ എങ്ങിനെ അനുഭവിക്കും. അതു പലരും മറക്കുകയാണ്. അവസാനമാണ് അതു മനസ്സിലാക്കുന്നത്. പിന്നെ ശരീരം നിലനിൽക്കുന്നത് ഏതു ശക്തികൊണ്ടാണെന്നു ചിന്തിക്കുമ്പോഴാണ് ഈശ്വരശക്തിയുടെ മഹിമ അറിയുന്നത്. രാധയെന്ന ജീവാത്മാവായി ജയദേവ മഹാകവിയുടെ ധർമ്മപത്നിയായ പത്മാവതിയേയും ശ്രീകൃഷ്ണ ഭഗവാൻ എന്ന ബ്രഹ്മമായി ജയദേവമഹാകവിയേയും പ്രതീകാത്മകമായി കാണുകയാണെങ്കിൽ മനുഷ്യജീവിതത്തിൽ എല്ലാ സുഖങ്ങൾക്കും കാരണമായ ജീവാത്മാവ് അവസാനിക്കുകയും ലയിക്കുകയും ചെയ്യുന്നത് ജയദേവർ ബ്രഹ്മലോകത്ത് ലയിച്ചതുപോലെയാണെന്ന് അനുമാനിക്കാം. രണ്ടില്ല ഒന്നേയുള്ളു എന്നുള്ള ഭാഗവത ദർശനം തന്നെയാണ് ഗീതഗോവിന്ദത്തിന്റെ കാതൽ. എല്ലാം അവസാനിക്കുന്നു, അവശേഷിക്കുന്നത് ഒന്നു മാത്രം എന്ന ഉപനിഷത്സൂക്തം ഇവിടെ സ്മരണീയമാണ്. എല്ലാ ഭൗതിക കേളികളും വിഷയസംഭോഗങ്ങളും എല്ലാം അവസാനിക്കുമ്പോൾ വിജയിക്കുന്നത് ഭഗവാൻ എന്ന ബ്രഹ്മം തന്നെ.

‘ഓം പൂർണ്ണമദ പൂർണ്ണമിദം പൂർണ്ണാൽ പൂർണ്ണമുദച്യതേ പൂർണ്ണസ്യ പൂർണ്ണമാദായ പൂർണ്ണമേവാവ ശിഷ്യതേ – ഓം ശാന്തി – ശാന്തി – ശാന്തിഃ എന്ന ഉപനിഷത് സാരം ഇവിടെ സമർത്ഥിക്കപ്പെടുന്നു.



### ശ്രീകൃഷ്ണാവബോധനം

### ഗാനം – രാഗം : വാഗദീശ്വരി

*രാധേയണയുകയെന്റെ സൗധത്തിൽ*
*രാഗാനുഭൂതിയാം സ്വരധാരയിൽ*
*പൂർണ്ണേന്ദു സുന്ദരമീ ഗാനാമൃതം*
*പാരിലെ ശോഭയെ കവർന്നിടുന്നു*
*(രാധേ –)*

*ചന്ദനലേപനഗന്ധമാം മാറിടം*
*ചന്ദനത്തിൽ ഞാനിന്നു തഴുകിടുമ്പോൾ*
*നിന്നിലെ മായാവലംബമാം മോഹം*
*എന്നെന്നും ദേവാമൃതമായിടട്ടെ –*
*(രാധേ –)*

*നിന്നിൽ സ്ഫുരിക്കുമോരോ രാഗോന്മാദം*
*നിസ്തുല ഭക്തിയായ് മാറിടുവാൻ*
*പ്രാപഞ്ചിക സുഖഭോഗമകന്ന്*
*ബ്രഹ്മാനന്ദ സുധ നുകർന്നിടട്ടെ*
*(രാധേ –)*

### ശ്ലോകം

*അഥകാന്തം രതിശ്രാന്തം അഭിമണ്ഡനവാഞ്ഛയാ*
*ജഗാദ മാധവം രാധാമുഗ്ദ്ധാ സ്വാധീനഭർത്തൃകാ*

അർത്ഥം : സുന്ദരനും സ്വാധീനനുമായ ഭർത്താവിന്റെ ഉടമയായ രാധ ആഭരണാദികൾ അണിയണമെന്നുള്ള ആഗ്രഹത്തോടുകൂടി രതിക്രീഡയിൽ ക്ഷീണിച്ച ശ്രീകൃഷ്ണനോട് പറഞ്ഞു.

## അഷ്ടപദി – 24

### *രാഗം – ആഭേരി*

### 1

*കുരു യദുനന്ദന ചന്ദന ശിശിരതരേണകരേണ*
*പയോധരേ*
*മൃഗമദ പത്രകമത്ര മനോഭവ മംഗലകലശസഹോദരേ*
*നിജഗാദ സാ യദുനന്ദനേ ക്രീഡതി ഹൃദയാനന്ദനേ –*
*നിജഗാദ – ഹൃദയാനന്ദനേ –*

അർത്ഥം : ഹൃദയങ്ങളെ ആനന്ദത്തിൽ ആറാടിച്ചുകൊണ്ടിരിക്കുന്നവനും രതിക്രീഡയിൽ ഏർപ്പെട്ടവനുമായ കൃഷ്ണനോട് രാധ പറഞ്ഞു യദുനന്ദനാ അങ്ങ് ചന്ദനസമാനം കുളിർമയേറിയ അങ്ങയുടെ കരങ്ങളാൽ കാമദേവന്റെ മംഗള കലശങ്ങൾക്ക് സദൃശമായ എന്റെ പയോധരങ്ങളിൽ മൃഗമദത്താൽ എഴുതിയാലും.

(മൃഗമദം = കസ്തൂരി, നിജഗാദ = പറഞ്ഞു)

### 2

*അളികുലഭഞ്ജനമഞ്ജനകം രതിനായക സായകമോചനേ*
*ത്വദധര ചുംബന ലംബിതകഞ്ജുളമുജ്വലയപ്രിയ ലോചനേ*
*നിജഗാദ – ഹൃദയാനന്ദനേ –*

അർത്ഥം : ഹൃദയങ്ങളെ ആനന്ദത്തിൽ ആറാടിച്ചുകൊണ്ടിരിക്കന്നവനും രതിക്രീഡയിൽ മുഴുകുന്നവനുമായ കൃഷ്ണനോട് രാധ പറയുന്നു, പ്രിയാ കടാക്ഷങ്ങളാകുന്ന മന്മഥബാണങ്ങളെ മോചിപ്പിക്കുന്ന എന്റെ മിഴികളിൽ അങ്ങയുടെ ചുംബനത്താൽ മഷി മാഞ്ഞുപോയതിനെ വണ്ടിനേക്കാൾ കറുപ്പു നിറമാർന്ന അഞ്ജനത്താൽ എഴുതി ഉജ്ജ്വലമാക്കിയാലും.

(ലംഭിതം = കൊടുക്കപ്പെട്ട, കഞ്ജുളം = മഷി)

### 3

*നയന കുരുംഗതരംഗവിലാസനിമാസകരേ ശ്രുതിമണ്ഡലേ*
*മനസിജപാശനികാശതയാ സുഭഗേ വിനിവേശയകുണ്ഡലേ*
*നിജഗാദ – ഹൃദയാനന്ദനേ –*

അർത്ഥം : കാമദേവന്റെ പാശങ്ങളോടു തുല്യമായവയും സുന്ദരങ്ങളും കണ്ണുകളാകുന്ന മാനുകൾ ചാടിപ്പോകുന്നതിനെ നിഷേധിക്കുന്നവയും ആയ കാതുകളിൽ കുണ്ഡലങ്ങളെ ചേർത്താലും.

(നിരാസം = നിഷേധം, നികാശം = തുല്യത, ശ്രുതിമണ്ഡലം = കാതുകൾ)

### 4

*ഭ്രമരചയം രചയന്തമുഖരി രുചിരം സുചിരം മമ സമ്മുഖേ*
*ജിതകമലേ വിമലേ പരികർമ്മയ നിർമ്മലജനകമളകം മുഖേ*
*നിജഗാദ – ഹൃദയാനന്ദനേ –*

അർത്ഥം : മുഖത്തിനു നേരേ ഉപരിഭാഗത്തായി ഭ്രമരവിന്ദത്തിന്റെ കാന്തിയെ വളരെക്കാലം സൃഷ്ടിച്ചുകൊണ്ടിരിക്കുന്ന കുറുനിരകളെ പത്മപുഷ്പത്തെ വിജയിക്കുന്നതും വിമലവുമായ എന്റെ മുഖത്തു വിനോദജനകമാകും വിധം അലങ്കരിച്ചാലും.

(സമ്മുഖം = മുഖത്തിനു നേരേ വന്നത്, പരികർമ്മം = അലങ്കാരം)

### 5

*മൃഗമദരസവലിതം ലളിതം കുരു തിലകമളികരജനീകരേ*
*വിഹിതകളങ്കപദം കമലാനനവിത്രമിതശ്രമശ്രീകരേ*
*നിജഗാദ – ഹൃദയാനന്ദനേ –*

അർത്ഥം : "ഹേ കമലാനന സ്വേദകണങ്ങൾ വറ്റിപ്പോയ എന്റെ നെറ്റിയാകുന്ന ചന്ദ്രനിൽ കസ്തൂരിയാൽ ചന്ദ്രനിലെ കളങ്കരേഖയ്ക്ക് സമാനം മനോഹരമായ തിലകത്തെ അണിയിച്ചാലും.

(അളികം = നെറ്റി, രജനീകരൻ = ചന്ദ്രൻ)

### 6

*ഘനരുചിരേ ചികുരേ കുരു മാനദ മാനസ ജധ്വജചാമരേ*
*രതിഗളിതേ ലളിതേ കുസുമാനി ശികണ്ഡി ശിഖണ്ഡകഡാമരേ*
*നിജഗാദ – ഹൃദയാനന്ദനേ –*

അർത്ഥം : അല്ലയോ മാനദനായ പ്രിയതമ, മേഘകാന്തി ചിന്തുന്നതും കാമദേവന്റെ ധ്വജത്തിലെ ചാമരം പോലെയിരിക്കുന്നതും രതിക്രീഡാവസരത്തിൽ അഴിഞ്ഞുലഞ്ഞതും മയിൽപ്പീലി പോലെ മനോഹരമായതും ആയ എന്റെ തലമുടിയിൽ പുഷ്പങ്ങൾ ചൂടിച്ചാലും.

(ഡാമരം = അത്ഭുതകരമായ, മാനദൻ = അഹങ്കാരമുള്ളവൻ)

## 7

*സരസഘനേ ജഘനേ മമ ശംബരദാരണവാരണകന്ദരേ*
*മണിരശനാവസനാഭരണാനി ശുഭാശയവാസയ സുന്ദരേ*
*നിജഗാദ – ഹൃദയാനന്ദനേ –*

അർത്ഥം : അല്ലയോ സരസനും ശുഭമാനസനുമായ പ്രിയതമേ! കാമദേവനാകുന്ന ആനയുടെ വാസസ്ഥാനമായ ഗുഹയായിട്ടുള്ളതും മനോഹരമായതും തടിച്ചതുമായ ജഘനത്തിൽ രത്നം പതിച്ച അരഞ്ഞാൺ വജ്രാഭരണങ്ങൾ എന്നിവ അണിയിച്ചാലും.

(വാരണം = ആന, കന്ദരം = ഗുഹ)

## 8

*ശ്രീജയദേവവചസി ഹൃദയം സദയം കുരുസജ്ജന മണ്ഡനേ!*
*ഹരിചരണസ്മരമാമൃത നിർമ്മിതകലികലുഷ ജരഖണ്ഡനേ*

അർത്ഥം : സജ്ജനങ്ങളേ! ശ്രീകൃഷ്ണപാദാരവിന്ദങ്ങളുടെ സമരണയാകുന്ന അമൃതത്താൽ നിർമ്മിക്കപ്പെട്ടതും കലികൽമഷങ്ങളെ നശിപ്പിക്കുന്നതും മനോഹരമായിരിക്കുന്നതും ആയ ഈ ജയദേവവിരചിത ഗാനത്തിൽ ദയവായി മനസ്സുവച്ചാലും.

ശ്രീമദ് ഭഗവത്ഗീതയിൽ ഭക്തന്മാരെ നാലായിട്ടാണ് തരംതിരിച്ചിരിക്കുന്നത്.

*"ചതുർവിധാ ഭജന്തേ മാം ജനാഃ സുകൃതിനോ/ർജ്ജനാ*
*ആർത്തോ ജിജ്ഞാസുരർത്ഥാർത്ഥിജ്ഞാന / ഭരതർഷഭ"*

അർജ്ജുനനോട് ശ്രീകൃഷ്ണൻ ഉപദേശിക്കുന്നു. എന്റെ ഭക്തന്മാരിൽ എന്നെ ആശ്രയിച്ച് ജീവിത ലക്ഷ്യത്തിലെത്തിച്ചേർന്നവരെ നാലായി തരംതിരിച്ചിരിക്കുന്നു. ഒന്നാമത്തെ കൂട്ടർ രോഗപീഡിതരാണ്. രണ്ടാമത്തെ കൂട്ടർ ആത്മജ്ഞാനത്തെ പ്രാപിക്കുവാനായി ആഗ്രഹിക്കുന്നവരാണ്. മൂന്നാമത്തെ കൂട്ടർ ഇഹലോകത്തും പരലോകത്തും ഭോഗവിഷയങ്ങളെ ആഗ്രഹിക്കുന്നവരാണ്. നാലാമത്തെ കൂട്ടർ ആത്മാവിനെ അറിയുന്ന ബ്രഹ്മജ്ഞാനികളും. ഇവരിൽ ജ്ഞാനിയായ ഒരുവന് ഒരാഗ്രഹവും ഇല്ല. അതുകൊണ്ട് അവൻ മാത്രമാണ് യഥാർത്ഥത്തിൽ എന്റെ ഭക്തൻ. അവൻ വിജ്ഞാനത്തിന്റെ വെളിച്ചത്താൽ അജ്ഞാനമകന്ന് എന്റെ ദിവ്യമായ അസ്തിത്വത്തിലലിഞ്ഞു ചേരുകയും ചെയ്യുന്നു. പളുങ്കു കണ്ടാൽ ചിലപ്പോൾ ജലമാണെന്നു തോന്നാം. വായു ചലിക്കാതെ നിൽക്കുമ്പോൾ ആകാശത്തിന്റെ ഭാഗമായിട്ടേ തോന്നുകയേയുള്ളു. ഇതുപോലെ ശാരീരികമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ജ്ഞാനി ഞാനുമായി മാനസികമായി ഐക്യം പ്രാപിച്ചിരിക്കുകയാണ്. പരിഛിന്നമായ ജീവിതത്തിൽ കർമ്മങ്ങൾ ചെയ്യുമ്പോൾ പ്രത്യേകമായ ഒരു ശരീരത്തോടുകൂടിയവനെങ്കിലും അവന് എന്നിൽ നിന്നും വേറിട്ടു നിൽക്കുവാൻ സാധ്യമല്ല.

ശരീരമോ മനസ്സോ ബുദ്ധിയോ ആണ് താനെന്ന തെറ്റിദ്ധാരണയോടുകൂടി ജീവിക്കുന്ന മൂഢാത്മാക്കൾ ജഡോപാധികളിലൂടെ ചേതനയെ പ്രകടമാക്കുന്നുണ്ട്. പരമാത്മാവിന്റെ വെളിയിൽ താമസിക്കുന്ന അവരുടെ ആഗ്രഹങ്ങളെ നിറവേറ്റാനും സുഖം ലഭിക്കുവാനുമുള്ള ശ്രമങ്ങൾ ചെയ്ത് ശക്തി കൈവരിക്കുന്നത് ശക്തികേന്ദ്രമായ ആ പരംപൊരുളിൽ നിന്നുതന്നെയാണ്. അറിവില്ലാത്തവർക്കും പരമാത്മാവിനെ ആശ്രയിക്കാതെ നിലനിൽക്കാനാവില്ല. ജഡങ്ങളായ കരണങ്ങൾ പ്രവർത്തനോന്മുഖമാകുന്നത് ആത്മസമ്പർക്കത്താലാണ്. വിദ്യുഛക്തിയില്ലെങ്കിൽ വൈദ്യുത ഉപകരണങ്ങൾ ചലിക്കുകയില്ല. അതിനെ ബുദ്ധിപരമായി ഉപയോഗിച്ചില്ലയെങ്കിൽ നാശം സുനിശ്ചിതമാണ്. അതുപോലെതന്നെ ഈശ്വര ശക്തിയെ വിവേകശൂന്യമായി ആവാഹിച്ചാൽ വ്യക്തിക്കും സമൂഹത്തിനും നാശം സംഭവിക്കും. മേൽപ്പറഞ്ഞ ഗീതാവാക്യം അന്വർത്ഥമാകുന്നത് ജീവാത്മാവായ രാധാദേവി തന്നിലുള്ള എല്ലാ ഭൗതിക ഭോഗാസക്തികൾ ത്യജിച്ചുകൊണ്ട് ശുദ്ധമായ ജ്ഞാനസമ്പാദനത്തിലൂടെ പരമമായ ആത്മാവിന്റെ സാന്നിദ്ധ്യത്തിൽ ലയിച്ച് ശുദ്ധാത്മാവായിത്തീരുമ്പോൾ മാത്രമാണ്. പരമമായ ആത്മാവ് ശ്രീകൃഷ്ണൻ തന്നെയാണ്! ഗീതഗോവിന്ദത്തിൽ 91–ാം ശ്ലോകത്തിൽ പറയുന്നു.



*"യന്നിത്യൈർവചനൈർവിരിഞ്ച ഗരിജാ–*
*പ്രാണേശമുഖ്യൈർമുഹുർ–*
*നാനാകാര വിചാരസാരചതുരൈർ–*
*നാദ്യാപി നിശ്ചീയതേ*
*തത് സർവ്വൈർ ജയദേവകാവ്യഘടിതൈ–*
*രദ്യം വസ്തു ചകാസ്തു ചേതമിം പരം*
*സാരസ്യ സീമാജ്ജുഷാം – "*

യാതൊന്നാണോ ബ്രഹ്മാവ്, പരമശിവൻ തുടങ്ങിയവരാൽ പോലും അനന്തമായ ചിന്താശക്തിയാലും മറ്റ് ഭഗവത് ആരാധനാ സമ്പ്രദായത്തിലൂടെയും പരിപൂർണ്ണമായി തീരുമാനിക്കാൻ കഴിയാത്ത ആദ്യവും പരബ്രഹ്മസ്വരൂപവുമായിട്ടുള്ള ആ വസ്തു ജയദേവ മഹാകവിയാൽ രചിക്കപ്പെട്ട നിത്യസത്യവചനങ്ങൾ കൊണ്ട് പരിപൂരിതമായിരിക്കുന്ന ഗീതഗോവിന്ദത്തിലൂടെ സുകൃതികളായ ജ്ഞാനികൾക്ക് അനുഭവവേദ്യമായിത്തീരട്ടെ!!

(അവസാനിച്ചു)

# കലാമണ്ഡലം രാജീവൻനമ്പൂതിരിക്ക് ഫെലോഷിപ്പ്



നാവായിക്കുളം കഥകളി ആസ്വാദക സംഘത്തിന്റെ ഇക്കൊല്ലത്തെ ഫെലോഷിപ്പിന് പ്രസിദ്ധ കഥകളി നടൻ കലാമണ്ഡലം രാജീവൻനമ്പൂതിരിയെ തെരഞ്ഞെടുത്തു. കഥകളി വേഷങ്ങളിൽ വിദഗ്ദ്ധനായ ഇദ്ദേഹം കഥകളിയുടെ ആദ്യപാഠം പിതാവായ മയ്യനാട് കേശവൻനമ്പൂതിരിയിൽ നിന്ന് അഭ്യസിച്ചു. തുടർന്ന് കേരള കലാമണ്ഡലത്തിൽ കലാമണ്ഡലം വാസുപിഷാരടി, കലാ. എം.പി.എസ്. നമ്പൂതിരി, കലാ. ബാലസുബ്രഹ്മണ്യൻ, കലാ. ഗോപാലകൃഷ്ണൻ, കലാ. രാമദാസ് എന്നിവരുടെ ശിക്ഷണത്തിൽ ഉപരിപഠനം നടത്തി. കലാമണ്ഡലത്തിലെ എ.ഡി.ബോളണ്ട് സ്വർണമെഡൽ നേടിയാണ് അഭ്യസനം പൂർത്തിയാക്കിയത്. തുടർന്ന് കേരളക്കരയിലെ പ്രധാന അരങ്ങുകളിൽ പ്രാഗത്ഭ്യം തെളിയിച്ച് ഒട്ടേറെ പുരസ്കാരങ്ങൾക്കർഹനായി. കഥകളി ആചാര്യന്മാരായ വാഴേങ്കട കുഞ്ചുനായർ, അച്യുതവാര്യർ, കുമ്മിണി, കവളപ്പാറ, ഗുരുകുഞ്ചുക്കുറുപ്പ്, ഗുരുഗോപിനാഥ്, കുഞ്ഞുണ്ണിതമ്പുരാൻ, രാമപിഷാരടി, ചെങ്ങാരപ്പള്ളി, വെണ്ടാർ ശങ്കരപ്പിള്ള, വാരണാസി എന്നിവരുടെ പേരിലുള്ള പുരസ്കാരങ്ങൾ നേടി. കൊട്ടാരക്കരത്തമ്പുരാൻ അവാർഡും ലഭിച്ചു.

കേരളകലാമണ്ഡലം, തൃപ്പൂണിത്തുറ ആർ.എൽ.വി., ആറന്മുള വിജ്ഞാനകാലാവേദി, ആനാട് കലാബോധിനി എന്നീ കഥകളി വിദ്യാലയങ്ങളിൽ വിവിധ കാലയളവിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു. ജപ്പാൻ, ഇറ്റലി, ചൈന തുടങ്ങിയ രാജ്യങ്ങളിലും പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ട്. കോളേജ്, സ്കൂൾ തലങ്ങളിൽ ശ്രദ്ധേയമായ രീതിയിൽ കഥകളി ഡെമോൺസ്ട്രേഷൻ നടത്തുവാൻ പ്രത്യേക കഴിവുള്ള കലാകാരനാണ്. ഉന്നതന്മാരായ കഥകളി ആചാര്യന്മാർക്കൊപ്പം കൂട്ടുവേഷങ്ങൾ ചെയ്ത് അവരുടെ അനുഗ്രഹം നേടിയിട്ടുണ്ട്.

നാവായിക്കുളം ചാരുവിള ശ്രീവിലാസത്തിൽ ചെല്ലപ്പൻപിള്ളയുടെ ജന്മശതാബ്ദി പ്രമാണിച്ച് ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരമാണ് നൽകുന്നത്. പൊന്നാട, പ്രശസ്തിപത്രം, ധനസഹായത്തുക എന്നിവയടങ്ങുന്ന ഫെലോഷിപ്പ് ജൂലൈ 17 ന് കൊല്ലം മാടൻനട കൊല്ലൂർവിള ദേവീക്ഷേത്രത്തിൽ വച്ച് നടന്ന ചടങ്ങിൽ സമ്മാനിച്ചു.

# കേരള സംഗീതനാടക അക്കാദമിയുടെ ഗുരുപൂജ അവാർഡ് നേടിയ ഓമല്ലൂർ പി. ശ്യാമളാകുമാരി



കേരള സംഗീതനാടക അക്കാദമിയുടെ 2018 ലെ ഗുരുപൂജ അവാർഡ് നേടിയ കർണാടക സംഗീതജ്ഞ ഓമല്ലൂർ പി. ശ്യാമളാകുമാരി. 1947 ൽ ശ്രീരാമകൃഷ്മപിള്ളയുടെയും പൊന്നമ്മയുടെയും മകളായി ജനനം. 8-ാം വയസ്സിൽ സംഗീതം അഭ്യസിച്ചു തുടങ്ങി. തിരുവനന്തപുരം ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ നിന്നും ഗാനഭൂഷണം, ഗാനപ്രവീണ കോഴ്സുകളിൽ പ്രശസ്ത വിജയം. പ്രശസ്തരായ ഗുരുക്കന്മാരുടെ കീഴിൽ സംഗീതം അഭ്യസിച്ചു. 1968 ൽ സർക്കാർ സ്കൂളിൽ സംഗീത അദ്ധ്യാപികയായി ജോലിയിൽ പ്രവേശിച്ച് 2002 ൽ വിരമിച്ചു. നിരവധി ശിഷ്യർ. രാഗലയം ശ്രുതിയുടെ ആശംസകൾ.

# 'ഗായകശിഖാമണി' ഹരികേശനല്ലൂർ മുത്തയ്യാ ഭാഗവതർ



'കലാശ്രീ' കോട്ടയം വീരമണി



തമിഴ്നാട്ടിലെ പ്രസിദ്ധമായ 'മധുര'യിൽ നിന്നും ഏകദേശം 80 കിലോമീറ്റർ അകലെ സ്ഥിതിചെയ്യുന്ന ശ്രീവില്ലിപുത്തൂർ. തമിഴ് ഭക്തകവയത്രി ആണ്ടാൾ ജന്മം കൊണ്ട ദേശം. പഴയകാലത്ത് രാമനാഥപുരം ജില്ലയിലുൾപ്പെട്ടിരുന്ന ഈ നഗരം ഇപ്പോൾ വിരുദുനഗർ ജില്ലയിലാണ്. ആണ്ടാൾ ക്ഷേത്രപ്പെരുമകൊണ്ടും 108 ദിവ്യദേശങ്ങളിലൊന്നായ വൈഷ്ണവ ദേവാലയത്തിന്റെ സാന്നിദ്ധ്യത്താലും പ്രസിദ്ധമായ ശ്രീവില്ലിപൂത്തൂരിലെ 'പുനൽവേലി' എന്ന സ്ഥലത്ത് സംഗീതജ്ഞരുടെ പാരമ്പര്യമുള്ള ഒരു കുടുംബത്തിൽ ശ്രീ ലിംഗഅയ്യരുടേയും ആനന്ദം അമ്മാളിന്റെയും പുത്രനായി 1877 നവംബർ 15 ന് മുത്തയ്യാ ഭാഗവതർ ജനിച്ചു. വളരെ ചെറുപ്പത്തിൽത്തന്നെ പിതാവ് അന്തരിച്ചതിനാൽ മാതൃസഹോദരനായ ലക്ഷ്മണസൂരിയുടെ ചുമതലയിലാണ് ആ കുടുംബം നിലനിന്നത്. ലക്ഷ്മണസൂരി 'ഹരികേശനല്ലൂർ' സ്വദേശിയായിരുന്നതിനാൽ താമസം അവിടേക്കു മാറ്റി. പിൽക്കാലത്ത് 'ഹരികേശനല്ലൂർ മുത്തയ്യാ ഭാഗവതർ' എന്ന പേരിലാണ് അദ്ദേഹം പ്രശസ്തനായത്.

തിരുനൽവേലി ജില്ലയിലെ അംബാസമുദ്രം താലൂക്കിൽ 'അരികേശനല്ലൂർ' എന്ന ദേശം, അവിടം ഭരിച്ചിരുന്ന നിന്ദ്രസീർ നെടുമാരൻ എന്ന ഒരു രാജാവിന്റെ പേരിലാണ് അറിയപ്പെടുന്നത്. 'ഹരികേശ' എന്നാണ് ആ രാജാവിനെ വിളിച്ചിരുന്നത്. അങ്ങനെയാണ് ഈ ദേശം 'ഹരികേശനല്ലൂർ' ആയിത്തീർന്നത്. 1100 വർഷം പഴക്കമുള്ള 'അരിയനന്തസ്വാമി' എന്നറിയപ്പെടുന്ന ശിവക്ഷേത്രം ഈ ദേശത്ത് സ്ഥിതിചെയ്യുന്നു.

മുത്തയ്യായുടെ മുത്തച്ഛൻ 'മുത്തുസുബ്ബഭാരതി' വേദാന്ത നാടകങ്ങളുടെയും കീർത്തനങ്ങളുടെയും രചയിതാവായിരുന്നു. മുത്തയ്യായെയും പാരമ്പര്യമായി വേദപണ്ഡിതനാക്കണമെന്നായിരുന്നു ലക്ഷ്മണസൂരിയുടെ ഉദ്ദേശ്യം. അതിനായി തിരുവയ്യാറിലെ വേദപണ്ഡിതനായിരുന്ന മുത്തുഘനപാഠികളുടെ പക്കൽ നിന്നും വേദാധ്യായനത്തിനായി ചേർത്തു. തിരുവയ്യാറിലെ സംഗീതസാന്ദ്രമായ അന്തരീക്ഷം മുത്തയ്യായുടെ മനസ്സിലും ചേക്കേറി. മുത്തയ്യായുടെ സംഗീതത്തിലെ താല്പര്യമറിഞ്ഞ ലക്ഷ്മണസൂരി അവിടെവച്ചു പ്രശസ്ത വാഗ്ഗേയകാരനായിരുന്ന 'പല്ലവിദൊരസ്വാമി'യുടെ പൗത്രനായ സാംബശിവയ്യരുടെ കീഴിൽ സംഗീതാഭ്യസനം തുടങ്ങി. മഹാവൈദ്യനാഥയ്യരുടെ ശിഷ്യൻ കൂടിയായിരുന്നു സംബശിവയ്യർ. പിൽക്കാലത്ത് 'സംഗീതകലാനിധി' ബഹുമതി നേടിയ ശ്രീ ടി.എസ്. സദേശയ്യർ സാംബശിവയുടെ പുത്രനാണ്.

## ബഹുമുഖപ്രതിഭ

കുറച്ചുകാലത്തെ സംഗീതാഭ്യ

സനം കൊണ്ട് മുത്തയ്യാ ആ കലയിൽ അഗാധമായ പാണ്ഡിത്യം നേടി. സംസ്കൃത പഠനത്തിലൂടെയും വേദപഠനത്തിലൂടെയും നേടിയെടുത്ത നൈപുണി അദ്ദേഹത്തിൽ പ്രകടമായിത്തന്നെ പ്രകാശിച്ചുതുടങ്ങി. സാഹിത്യത്തോടുള്ള അഭിരുചിയും ഒപ്പം സംസ്കൃതത്തിലും തമിഴിലും കവിതകളും പ്രബന്ധങ്ങളും ഗാനങ്ങളും രചിക്കാനുള്ള ജ്ഞാനവും കഴിവും അദ്ദേഹത്തിൽ പ്രകടമായിത്തുടങ്ങിയിരുന്നു.

17-ാം വയസ്സിൽ തൂത്തുക്കുടിയിൽ വച്ച് മുത്തയ്യ തന്റെ സംഗീത അരങ്ങേറ്റം കുറിച്ചു. ഇതോടൊപ്പം തന്നെ അദ്ദേഹം 'അപ്പക്കുടം ശാസ്ത്രി', മഹാരാഷ്ട്രക്കാരനായ 'കൃഷ്ണഭട്ട്' എന്നിവരുടെ കീഴിൽ കഥാകാലക്ഷേപവും അഭ്യസിച്ചു. തെലുങ്ക്, കന്നഡ ഭാഷകളിൽക്കൂടി സിദ്ധിച്ച പാണ്ഡിത്യവും ഗാനങ്ങളെഴുതാനുള്ള സാമർത്ഥ്യവും അദ്ദേഹത്തെ ഹരികഥാ വിദഗ്ദ്ധനാക്കി മാറ്റി. സംഗീതക്കച്ചേരികളോടൊപ്പം ഹരികഥാകാലക്ഷേപവും നടത്തിവന്നു. ഗോട്ടുവാദ്യം, മൃദംഗം എന്നീ വാദ്യങ്ങളിലും മുത്തയ്യാ ഭാഗവതർ നിപുണനായിരുന്നു. പുരാണ കഥകളുടെ പുനരാഖ്യാനങ്ങളിലൂട ധാരാളം ഹരികഥാരൂപങ്ങൾ പിറവിയെടുത്തു. അദ്ദേഹം തന്നെ അത് സഹൃദയസമക്ഷം അവതരിപ്പിച്ചു. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപാദം കഴിയുമ്പോഴേക്ക് മുത്തയ്യാ ഭാഗവതർ ദക്ഷിണേന്ത്യൻ സംഗീതലോകത്ത് അതിപ്രശസ്തനും പ്രഗത്ഭനുമായിക്കഴിഞ്ഞിരുന്നു.

## ആസ്ഥാനവിദ്വാൻ

ജന്മംകൊണ്ട് തമിഴ്നാട്ടുകാരനായിരുന്നുവെങ്കിലും കീർത്തിയും പ്രതിഭയും കൊണ്ട് മൈസൂർ, തിരുവിതാംകൂർ രാജസദസ്സുകളിലെ ആസ്ഥാനവിദ്വാൻ പട്ടം മുത്തയ്യാ ഭാഗവതരെ തേടിയെത്തി.

കർണാടകസംഗീത കേന്ദ്രങ്ങളുടെ ഭൂപടത്തിൽ മൈസൂർ സംസ്ഥാനത്തിന്റെ (ഇന്നത്തെ കർണാടക) പ്രാധാന്യം എടുത്തു പറയാതെ ചരിത്രം പൂർത്തിയാക്കാനാവില്ല. ഇന്ത്യയിലെ ഏറ്റവും ഏറ്റവും പ്രശസ്തമായ നാട്ടുരാജ്യങ്ങളിലൊന്നായിരുന്നു മൈസൂർ. മഹിഷാസുരന്റെ പേരിൽ നിന്നാണ് 'മൈസൂർ' എന്ന നാമമുണ്ടായതെന്ന് പറയപ്പെടുന്നു. ആധുനിക മൈസൂർ പൂന്തോട്ടങ്ങളുടെ നഗരം, രാജകൊട്ടാരങ്ങളുടെ നഗരം, ചന്ദനത്തിന്റെ നഗരം എന്നിങ്ങനെ അറിയപ്പെടുന്നു. 1399 മുതൽ 1950 വരെയുള്ള കാലഘട്ടത്തിലെ മൈസൂർ രാജ്യം സ്ഥാപിച്ചത് യദുരായർ ആയിരുന്നു. വിജയനഗര സാമ്രാജ്യത്തിന്റെ കീഴിലായിരുന്നു മൈസൂർ 1399 മുതൽ സ്വതന്ത്ര, സാമ്രാജ്യമായിത്തീർന്നു. 1638 ൽ രണധീര കാന്തീരവ നരസരാജ വോഡയാർ, പിന്നീട് കൃഷ്ണരാജ വോഡയാർ (1794–1868), ചാമരാജ വോഡയാർ IX (1862–1940), കൃഷ്ണരാജ വോഡയാർ IV-ാമൻ (1884–1940), ജയചാമരാജ വോഡയാർ (1919–1974) തുടങ്ങിയവരുടെ ഭരണകാലഘട്ടം മൈസൂരിൽ കർണ്ണാടക സംഗീതത്തിന്റെ പുഷ്കലമായ കാലഘട്ടമായിരുന്നു. അതിൽത്തന്നെ കൃഷ്ണരാജ വോഡയാർ IV-ാമന്റെ കാലഘട്ടം എടുത്തു പറയേണ്ടതാണ്. മൈസൂർ സദാശിവ റാവ്, മൈസൂർ വാസുദേവാചാര്യ, ഹരികേശനല്ലൂർ മുത്തയ്യാ ഭാഗവതർ എന്നിവർ കൃഷ്ണരാജ വോഡയാറിന്റെ ഭരണകാലഘട്ടത്തിലെ സമുജ്ജ്വല പ്രതിഭകളായിരുന്നു.


Maharaja Krishna Raja Wadiyar IV

1927 ൽ 50-ാമത്തെ വയസ്സിലാണ് മുത്തയ്യാ ഭാഗവതർ മൈസൂരിൽ പ്രധാന ആസ്ഥാന വിദ്വാന്മാരിൽ ഒരാളായി നിയമിക്കപ്പെടുന്നത്. ശാരീരികമായ വൈകല്യം മൂലം സംഗീത സദിരുകളിൽ നിന്നും മുത്തയ്യാ ഭാഗവതർ പിൻവാങ്ങിയിരുന്നുവെങ്കിലും അദ്ദേഹത്തിലെ പ്രതിഭാവിലാസം ഈ സന്ദർഭത്തിൽ ഉജ്ജ്വലമായിത്തന്നെ ശോഭിച്ചു. മൈസൂർ ആസ്ഥാന വിദ്വാൻ പദവിയിലിരിക്കെ അന്നത്തെ മഹാരാജാവിന്റെ നിർദ്ദേശാനുസരണം മൈസൂർ മഹാരാജാക്കന്മാരുടെ കുലദൈവമായ ചാമുണ്ഡേശ്വരിയെക്കുറിച്ച് ഭാഗവതർ അഷ്ടോത്തര ശതകൃതികൾ (108 കൃതികൾ) രചിച്ചു. തുടർന്ന് പരമശിവനെക്കുറിച്ചും അഷ്ടോത്തര ശതകൃ

തികൾ രചിക്കുകയുണ്ടായി. 'ഗായകശിഖാമണി' എന്ന ബഹുമതിയാണ് മൈസൂർ സംസ്ഥാനത്തിൽ നിന്നും അദ്ദേഹത്തിന് ലഭിച്ചത്.

## തിരുവിതാംകൂറിൽ

കർണാടകസംഗീത ലോകത്തിന് മുത്തയ്യാഭാഗവതർ നല്കിയ സംഭാവനകളിൽ ഏറ്റവും മഹത്വമേറിയത് 'സംഗീതകല്പദ്രുമം' എന്ന ലക്ഷണഗ്രന്ഥമാണ്. 20-ാം നൂറ്റാണ്ടിൽ ഉണ്ടായ മികച്ച സംഗീതശാസ്ത്ര ഗ്രന്ഥങ്ങളിൽ സംഗീതകല്പദ്രുമം പ്രഥമ സ്ഥാനമലങ്കരിക്കുന്നു. സംഗീതശാസ്ത്രത്തിന് പ്രാമുഖ്യം നൽകിയിട്ടുള്ള ഈ മഹാഗ്രന്ഥത്തിന്റെ ഒന്നാം ഭാഗം മാത്രമാണ് അച്ചടിച്ച് പ്രസിദ്ധം ചെയ്തിട്ടുള്ളത് എന്ന് ഈ ഗ്രന്ഥത്തിന്റെ പരിഭാഷ നിർവ്വഹിച്ച ഡോ. എസ്. വെങ്കടസുബ്രഹ്മണ്യയ്യർ അഭിപ്രായപ്പെടുന്നു. ഭരതമുനിയുടെ നാട്യശാസ്ത്രം മുതൽ വെങ്കിടമഖിയുടെ ചതുർദണ്ഡിപ്രകാശിക വരെയുള്ള ശാസ്ത്രഗ്രന്ഥങ്ങൾ വിശദമായി പരിശോധിച്ച് അവയിലെ ആശയങ്ങളെ ക്രോഡീകരിച്ചും വിശദമായ ഭാഷ്യം നല്കേണ്ടവയ്ക്ക് അത് നൽകിയുമാണ് 'കല്പദ്രുമം' രചിച്ചിട്ടുള്ളത്. പ്രസ്തുത രചനയുടെ അടിസ്ഥാനത്തിലാണ് തിരുവിതാംകൂർ സർവ്വകലാശാല (കേരളസർവ്വകലാശാല) ഡി.ലിറ്റ് നല്കി ഗ്രന്ഥകാരനെ ഡോ. ഹരികേശനല്ലൂർ മുത്തയ്യാഭാഗവതർ ആക്കി ബഹുമാനിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ അൻപത് വർഷത്തെ നിരന്തരമായ ഗവേഷണത്തിന്റെ ഫലമായി രൂപംകൊണ്ടതാണ് "സംഗീതകല്പദ്രുമം" എന്ന ഗ്രന്ഥം കൊല്ലവർഷം 1118 ചിങ്ങമാസം 10-ാം തീയതി (26.05.1943) ബൃഹത്തായ ഈ കൃതി തിരുവിതാംകൂർ മഹാരാജാവായിരുന്ന 'ശ്രീചിത്തിരതിരുനാൾ മഹാരാജാ' സമക്ഷത്തിൽ സമർപ്പിക്കപ്പെട്ടു. ഇതിന്റെ മഹത്വം തിരുമനസ്സുകൊണ്ട് ബോധ്യപ്പെട്ടാണ് തിരുവിതാംകൂർ സർവ്വകലാശാല വഴി ഡി.ലിറ്റ് ബിരുദം നല്കി ആദരിച്ചത്. ശ്രീ സ്വാതിതിരുനാൾ സംഗീതകലാലയത്തിൽ നിന്നും പ്രസിദ്ധപ്പെടുത്തിയ സംഗീത ഗ്രന്ഥാവലിയിലെ നാലാമത്തെ ഗ്രന്ഥമാണ് 'സംഗീതകല്പദ്രുമം'.

ശ്രീ ചിത്തിരതിരുനാൾ തമ്പുരാന്റെ അഭ്യർത്ഥന മാനിച്ച്, തിരുമനസ്സുകൊണ്ട് സ്വാതിതിരുനാൾ മഹാരാജാവിന്റെ നാമധേയത്തിൽ 1939 ൽ സ്ഥാപിച്ച സംഗീതവിദ്യാലയത്തിന്റെ പ്രഥമ പ്രിൻസിപ്പലായും മുത്തയ്യാഭാഗവതർ അവരോധിക്കപ്പെട്ടു. തിരുവനന്തപുരത്തെ താമസത്തിനിടയിൽ മഹാരാജാവിന്റെ അഭ്യർത്ഥന മാനിച്ച് നൂറിൽപ്പരം സ്വാതിതിരുനാൾ കൃതികൾ മുത്തയ്യാ ഭാഗവതർ ചിട്ടപ്പെടത്തുകയും അവ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 1943 ലാണ് ഈ കൃതി സമാഹാരം ആദ്യം അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്. ശ്രീ മുത്തയ്യാ ഭാഗവതരും ശ്രീ ശെമ്മങ്കുടി ശ്രീനിവാസയ്യരും ചേർന്ന് പാടിയും ബ്രഹ്മശ്രീ വെങ്കിടാദ്രി ഭാഗവതർ വീണയിൽ വായിക്കുകയും ചെയ്ത് ക്രമപ്പെടുത്തിയെടുത്ത കൃതികളിൽ 52 എണ്ണം ആദ്യമായി പ്രസിദ്ധീകരിച്ചതിൽ ഉൾപ്പെടുന്നു. ബാക്കിയുള്ളവ പിന്നീട് ശെമ്മങ്കുടി ശ്രീനിവാസയ്യർ അവർകളുടെ പേരിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. സ്വാതി കൃതികളുടെ സമാഹരണത്തിനും പ്രസിദ്ധീകരണത്തിനും പിന്നിൽ മറ്റൊരു കഥകൂടിയുണ്ട്. മുത്തയ്യാ ഭാഗവതർ 'ചിത്രോദയം' എന്നൊരു സംഗീത പ്രബന്ധം രചിച്ചിട്ടുണ്ട്. തിരുവിതാംകൂർ ചരിത്രവുമായി ബന്ധപ്പെട്ട കഥയാണ് ഈ പ്രബന്ധത്തിന്റെ ഉള്ളടക്കം. 1934 ൽ ആദ്യമായി തിരുവിതാംകൂർ മഹാരാജാവിന്റെ മുമ്പിൽ 'ചിത്രോദയം' ഹരികഥയായി അവതരിപ്പിക്കപ്പെട്ടു. അന്നത്തെ യുവറാണി കാർത്തികതിരുനാൾ ഗൗരിലക്ഷ്മിബായിയുടെ വിവാഹത്തോടനുബന്ധിച്ചാണ് ഈ ഹരികഥ അരങ്ങേറിയത്. മുത്തയ്യാ ഭാഗവതരുടെ വാഗ്ഗേയകാര സാമർത്ഥ്യത്തിന്റെ അംഗീകാരമായാണ് അന്നത്തെ മഹാറാണി സേതുപാർവ്വതീബായി അദ്ദേഹത്തെ സ്വാതിതിരുനാളിന്റെ കൃതികൾ സമാഹരിച്ച് നൊട്ടേഷൻ (സ്വരപ്പെടുത്തൽ) ചെയ്യുന്നതിനായി ചുമതലപ്പെടുത്തിയത്. അന്നത്തെ കൊട്ടാരം ഗായകരായിരുന്ന 'മുല്ലമൂട് ഭാഗവതന്മാ'രിൽ നിന്നും പാടിവന്നിരുന്ന കൃതികളും സമ്പ്രദായവും സമാഹരിച്ചാണ് കൃതികൾ നൊട്ടേഷൻ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുള്ളത്.

## വൈവിധ്യമാർന്ന രചനകൾ

ഉയർന്ന സംഗീത പാരമ്പര്യവും ഹരികഥാകാലക്ഷേപ സമ്പ്രദായവും വാഗ്ഗേയകാരകത്വവും ഒത്തുചേർന്ന ഒരമാനുഷിക പ്രഭാവനായിരുന്നു മുത്തയ്യാ ഭാഗവതർ. സംഗീതകല്പദ്രുമത്തിനു പുറമെ 'സംഗീതലക്ഷണസാരം' എന്നൊരു ലക്ഷണ ഗ്രന്ഥവും അദ്ദേഹത്തിന്റേതായിട്ടുണ്ട്. തഞ്ചാവൂരിലെ സംഗീതശാസ്ത്ര ഗവേഷണ പടുവായിരുന്ന 'അബ്രഹാം പണ്ഡിതരുമായുള്ള (സംഗീത സമയസാരം) മൈത്രിയാണ് മുത്തയ്യാ ഭാഗവതരുടെ സംഗീതശാസ്ത്രജ്ഞാനം വികസിക്കാനിടയായ പ്രധാന കാരണമെന്ന് മദ്രാസ് ഹൈക്കോടതി ജഡ്ജിയായിരുന്ന 'സംഗീതകലാനിധി' ടി.എൽ. വെങ്കട്ടരാമയ്യർ അഭിപ്രായപ്പെടുന്നു. ഹരികഥാ വിദഗ്ദ്ധനെന്ന നിലയിൽ അദ്ദേഹം രൂപപ്പെടുത്തിയ ഹരികഥകളിൽ സതിസുലോചന, വള്ളീപരിണയം, ത്യാഗരാജവിജയം തുടങ്ങിയവ വളരെ പ്രശസ്തിയാർജ്ജിച്ചവയായിരുന്നു.

400 ൽ പരം രചനകൾ മുത്തയ്യാ ഭാഗവതർ നമുക്ക് സമ്മാനിച്ചിട്ടുണ്ട്. അവയിൽ തനിയാവർത്തനങ്ങളും പദവർണ്ണങ്ങളും ദരുവർണങ്ങളും കൃതികൾക്കു പുറമെ തില്ലാനകളുമുൾപ്പെടുന്നു. ഏകദേശം ഇരുപതോളം രാഗങ്ങൾ പുതിയതായി നാമകരണം ചെയ്ത് അതിൽ കൃതികൾ രചിച്ചിട്ടുണ്ട്. മായാപ്ര



*സംഗീതലവകുശത്തിൽ ലവനായി നല്ലെ കൃഷ്ണമൂർത്തി*

പ്രഗത്ഭമതികൾ മുത്തയ്യാ ഭാഗവതരുടെ ശിഷ്യരിൽപ്പെടുന്നു.

1934 ൽ ശ്രീ. എസ്. സൗന്ദരരാജൻ നിർമ്മാണവും സംവിധാനവും നിർവ്വഹിച്ച 'സംഗീതലവകുശ' എന്ന സിനിമയ്ക്കുവേണ്ടി മുത്തയ്യാ ഭാഗവതർ 63 ഗാനങ്ങൾക്ക് ഈണം നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യൻ കൂടിയായ ശ്രീ നെല്ലൈ ടി.വി. കൃഷ്ണമൂർത്തി ഈ ചിത്രത്തിൽ ലവന്റെ വേഷത്തിൽ അഭിനയിക്കുകയും അതോടൊപ്പം പാടുകയും ചെയ്തിട്ടുണ്ട്.

മുത്തയ്യാ ഭാഗവതർ തന്റെ കൃതികളിലെല്ലാം ജീവിച്ച ഗ്രാമത്തിന്റെ സ്മരണയെന്നോണം 'ഹരികേശ' എന്ന മുദ്ര ചേർത്തിരുന്നു. മുത്തയ്യാഭാഗവതർക്ക് ഒരു മകൾ മാത്രമേ ഉണ്ടായിരുന്നുള്ളു. 1928 ൽ ആ ഏകസന്താനം മരിച്ചുപോയി. പ്രശസ്ത വൈണികയും പാലക്കാട് ചെമ്പൈ സ്മാരക സംഗീത കോളേജിലെ റിട്ട. പ്രിൻസിപ്പാളുമായിരുന്ന പ്രൊഫ. എസ്. രുഗ്മിണി ഗോപാലകൃഷ്ണൻ മുത്തയ്യാ ഭാഗവതരുടെ ചെറുമകളാണ്. മുത്തയ്യാ ഭാഗവതരുടെ ശിഷ്യനായിരുന്ന രാമനാഥപുരം സി.എസ്. ശങ്കരശിവത്തിന്റെ ശിഷ്യനായ പ്രശസ്ത കർണാടക സംഗീതജ്ഞൻ മധുരൈ ടി.എൻ. ശേഷഗോപാലൻ മുത്തയ്യാ ഭാഗവതരുടെ കൃതികൾക്ക് ഏറെ പ്രചാരം നൽകിയ സംഗീതജ്ഞനാണ്. കേരളത്തിലെ കർണാടക സംഗീതജ്ഞയായിരുന്ന ശ്രീമതി. അനന്തലക്ഷ്മി വെങ്കട്ടരാമൻ ഡോ. എൽ. മുത്തയ്യാ ഭാഗവതർ രചിച്ച 108 ചാമുണ്ഡേശ്വരി കൃതികൾ 12 വാള്യങ്ങളായി പാടിയ കാസറ്റ് പ്രസിദ്ധം ചെയ്തിട്ടുണ്ട്. 1945 ൽ ജൂൺ 30-ാം തീയതി 68-ാം വയസ്സിൽ മുത്തയ്യാ ഭാഗവതർ ദിവംഗദനായി.

ദീപം, ചക്രദീപ്തം, നാഗഭൂഷണി, വീണധരി, ഹരിനാരായണി, സാരങ്കമൽഹാർ, ഗൗഡമല്ലാർ, വിജയസരസ്വതി, ശുദ്ധലളിത, ഊർമ്മിക, വിജയനഗരി, ഗുഹരഞ്ജനി, നിരോഷ്ഠ തുടങ്ങിയ അപൂർവ്വ രാഗങ്ങളിൽ അദ്ദേഹം കൃതികൾ രചിച്ചിട്ടുണ്ട്. ഇതിനു പുറമെ നവാവരണരാഗമാലിക കൃതി, നവഗ്രഹകൃതികൾ എന്നിവയും രചനകളായുണ്ട്. മുത്തുസ്വാമി ദീക്ഷിതർ നവാവരണങ്ങളെ ഒൻപത് കൃതികളിലായി വിസ്തരിക്കുമ്പോൾ മുത്തയ്യാ ഭാഗവതർ 'സ്വർണാകർഷണ നവാവരണ രാഗമാലിക'യിലൂടെ 9 ആവരണങ്ങളെയും സ്തുതിക്കുന്നു. 'വലചിയിൽ ജാലന്തരസുപീഠസ്ഥേ', ശുദ്ധധന്യാസിയിൽ ഹിമഗിരിതനയെ ഗൗഡമല്ലാർ രാഗത്തിൽ 'സാരസമുഖി' വിജയനാഗരിയിൽ വിജയാംബികെ നിരോഷ്ഠയിൽ രാജരാജരാധിതേ! പശുപതിപ്രിയയിൽ ശരവണഭവ, കീരവാണിയിൽ അംബവാണി, അമൃതവർഷിണിയിൽ സുധാമയി, ഭൈരവിയിൽ ഭൈരവി പരമേശ്വരി, മോഹനകല്യാണിയിൽ ഭുവനേശ്വരി, ധർമ്മവതിയിൽ ചക്രരാജ, ഹംസധ്വനിയിൽ ഗംഗണപതേ, കദനകുതൂഹലത്തിൽ ഗിരിപ്രിയം, ഊർമ്മികയിൽ കാളരാത്രി സ്വരൂപിണി, ദേവമനോഹരിയിൽ നിന്നു നെരനമ്മിനാനുറാ, കാംബോജിയിൽ രത്നകഞ്ചുകധാരിണി, ഖമാസിലെ മാതേമലയധ്വജ എന്ന ദരുവർണം, നാട്ടയിൽ ശക്തിഗണപതിം തുടങ്ങി നൂറുകണക്കിന് കൃതികൾ അദ്ദേഹത്തിന്റെ ജീവിതകാലഘട്ടത്തിൽത്തന്നെ പ്രചരിച്ചു തുടങ്ങിയിരുന്നുവെന്നത് എടുത്തു പറയേണ്ട വസ്തുതയാണ്. രചിച്ച കീർത്തനങ്ങളിലധികവും മധ്യകാല കീർത്തനങ്ങളാണ്. 1930 ൽ മദിരാശി മ്യൂസിക് അക്കാദമി അദ്ദേഹത്തിന് "സംഗീതകലാനിധി"പ്പട്ടം നൽകി ആദരിക്കുകയുണ്ടായി.

മധുരൈ മണിഅയ്യർ, ബഡലൂർ കൃഷ്ണമൂർത്തി ശാസ്ത്രി, ഗോട്ടുവാദ്യം എ.നാരായണയ്യങ്കാർ, ടി.എൽ. വെങ്കട്ടരാമയ്യർ, നെല്ലൈ ടി.വി. കൃഷ്ണമൂർത്തി, പ്രൊഫ. എൻ.വി. നാരായണ ഭാഗവതർ, വിദ്വാൻ കെ.എ. ശ്രീനിവാസൻ തുടങ്ങി അനവധി

# കർണ്ണാടക സംഗീതം – ആസ്വാദനം, ഒരു പഠനം

## 7



പി. വിജയാംബിക

*പരമാനന്ദ വിവർധന മദിമതഫലം വശീകരണം*
*സകല ജന ചിത്തഹരണം വിമുക്തിബീജം പരം ഗീതം*
*(സംഗീത ദാമോദരം – ദാമോദരമിശ്രൻ)*

ശ്രേഷ്ഠമായ സംഗീതം പരമാനന്ദം വർധിപ്പിക്കുന്നു. ആഗ്രഹിച്ച ഫലം നൽകുന്നു. സകല ജനങ്ങളുടെയും ഹൃദയത്തെ വശീകരിക്കുന്നു. മുക്തിക്ക് കാരണമാകുന്നു.

സർ കർണ്ണാടക സംഗീതത്തിനു നൽകിയ അമൂല്യ സംഭാവനയായാ നിയതമായ പാഠ്യപദ്ധതിയിലെ അഭ്യാസ പാഠങ്ങളായ ആദിതാളത്തിൽ ചിട്ടപ്പെടുത്തിയ സരളിവരിശകൾ, ജണ്ഡവരിശകൾ, മന്ദ്ര-മദ്ധ്യ-താരസ്ഥായി വരിരങ്ങൾ, സ്വരജതികൾ ഇവയുടെ അഭ്യസനത്തിനു ശേഷം സംഗീത വിദ്യാർത്ഥി ഏറെ ഗൗരവതരമായ അഭ്യാസപാഠം എന്നതോടൊപ്പം തന്നെ സഭാഗാനത്തിലും ഉൾപ്പെടുന്ന വർണ്ണം എന്ന സംഗീതരൂപത്തിലേക്കു കടക്കുകയായി.



*ഹംപി*

15-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലും 16-ാം നൂറ്റാണ്ടിന്റെ പൂർവ്വാർദ്ധത്തിലുമായി കർണ്ണാടകത്തിലെ ബല്ലാരി ജില്ലയിലെ ഹംപിയിൽ ജീവിച്ചിരുന്ന സംഗീതപിതാമഹൻ ശ്രീ പുരനന്തരദാശകൾ, ധാട്ടുവരിശകൾ എന്നിവയ്ക്കു ശേഷം സൂളാദി സപ്തതാള അലങ്കാരങ്ങൾ, തുടർന്നു വരുന്ന ലഘു സാഹിത്യത്തോടുകൂടിയ വ്യത്യസ്ഥ രാഗങ്ങളിലുള്ള ലളിതങ്ങളായ ഗീതങ്ങൾ, ജതിസ്വ

അപ്പോഴേക്കും നാദം, ശ്രുതി, സ്വരം, ലയം ഇവയേക്കുറിച്ച് ഒരു സാമാന്യ അവബോധം വിദ്യാർത്ഥിക്കു ലഭിച്ചിരിക്കും.

എന്നാൽ വിവിധ രാഗങ്ങളിൽ വൈവിദ്ധ്യമാർന്ന താളങ്ങളിൽ

ചിട്ടപ്പെടുത്തിയിട്ടുള്ള വർണ്ണങ്ങൾ അഭ്യസിക്കുവാൻ വിദ്യാർത്ഥി പ്രാപ്തനാകുമ്പോൾ കർണ്ണാടക സംഗീതത്തിലെ ബൃഹത്തും ഗഹനവുമായ രാഗപദ്ധതിയെക്കുറിച്ച് ഒരു സാമാന്യജ്ഞാനം ആവശ്യമാണ്. രാഗപദ്ധതിയെക്കുറിച്ച് ഒരു ചെറിയ പഠനം നടത്താം.


ഭാരതീയ സംഗീതം പ്രത്യേകിച്ചും ദക്ഷിണാത്യ സംഗീതം ലോകസംഗീതത്തിനു നൽകിയ അനുപമമായ മുതൽക്കൂട്ടാണ് ശാസ്ത്രീയവും ബൃഹത്തുമായ രാഗവൈവിദ്ധ്യങ്ങളുടെ അക്ഷയ ഖനി.

സാമവേദത്തിന്റെ ഉപവേദമാണ് സംഗീതമെന്നും ഉദാത്തം, അനുദാത്തം, സ്വരിതം എന്നീ മൂന്നു സ്വരങ്ങളി (സ്വരത്രയം) ലാണ് വേദപാരായണം ചെയ്തിരുന്നത് എന്നും സംഗീതചരിത്രകാരന്മാർ പറയുന്നു. പിന്നീട് ഒരു സ്ഥായിയിൽ സാമസപ്തകമെന്ന ഏഴു സ്വരങ്ങൾ പ്രാബല്യത്തിൽ വന്നു. പിന്നീട് നൂറ്റാണ്ടുകൾക്കു ശേഷമാണ് ഒരു സ്ഥായിയിലെ ഇരുപത്തിരണ്ടു ശ്രുതികളെപ്പറ്റിയുള്ള പഠനങ്ങൾ തുടങ്ങുന്നത്.

ഭാരതീയ സംഗീതത്തിൽ 'രാഗം' എന്ന പദം ഉപയോഗിച്ചു തുടങ്ങുന്നത് ഏകദേശം അഞ്ചാം നൂറ്റാണ്ടിനു ശേഷമാണ്. അതിനു മുൻപ് മൂർച്ഛന, ജാതി എന്ന പേരുകളിലാണ് ഇന്നത്തെ രാഗങ്ങൾ പറയപ്പെട്ടിരുന്നത്. മതംഗമുനിയുടെ 'ബൃഹദ്ദേശി'യിലാണ് ആദ്യമായി രാഗങ്ങളെക്കുറിച്ച് പ്രതിപാദിച്ചു കാണുന്നത്. "രഞ്ജയതി മനാംസീതി രാഗ". മനസ്സിനെ സന്തോഷിപ്പിക്കുന്നതാണ് രാഗം എന്നാണ് നിർവ്വചനം. മതംഗമുനിയുടെ ബൃഹദ്ദേശിയിൽ രാഗത്തെ വിശേഷിപ്പിച്ചിരിക്കുന്നത്

യോ*f*സൗ ധ്വനിവിശേഷസ്തു സ്വരവർണ്ണ വിഭൂഷിതഃ
രഞ്ജകോ ജനചിത്താനാം സരാഗഃ കഥിതോ ബുധൈഃ

സ്വരങ്ങളാലും അവയുടെ ആരോഹണാവരോഹണാദി വർണ്ണങ്ങളാലും അലങ്കരിക്കപ്പെട്ട് ജനഹൃദയങ്ങളെ രഞ്ജിപ്പിക്കാൻ പര്യാപ്തമായ ധ്വനിവിശേഷമാണ് രാഗം. എന്നതുകൊണ്ടുതന്നെ സ്വരങ്ങളുടെ അടിസ്ഥാനത്തിലാണ് രാഗങ്ങളെ നിർണ്ണയിക്കുന്നത് എന്നു വ്യക്തം. 22 ശ്രുതികൾക്കിടയിലുള്ള സ (ഷഡ്ജം), രി (ഋഷഭം), ഗ (ഗന്ധാരം), മ (മദ്ധ്യമം), പ (പഞ്ചമം), ധ (ധൈവതം), നി (നിഷാദം) എന്ന ഏഴു സ്വരങ്ങളോടുകൂടി താരഷഡ്ജവും ചേർത്ത് 'സ്വരാഷ്ടകം' എന്ന എട്ടു സ്വരങ്ങളിൽ 'സരിഗമ' എന്ന പൂർവ്വാർദ്ധം മന്ദ്രചതുഷ്കവും 'പധനിസ' എന്ന ഉത്തരാർദ്ധം താരചതുഷ്ക്കവും ആകുന്നു. ഇതിൽ ഷഡ്ജപഞ്ചമങ്ങൾ അചലസ്വരങ്ങളും (പ്രകൃതിസ്വരങ്ങൾ) മറ്റു അഞ്ചു സ്വരങ്ങൾക്ക് കോമളം, തീവ്രം


ॐ तत्सद्ब्रह्मणे नमः ।
श्रीनिःशङ्कशार्ङ्गदेवप्रणीतः
संगीतरत्नाकरः ।
चतुरकल्लिनाथविरचितकलानिध्याख्यटीकासमेतः ।
प्रथमः स्वराध्यायः ।
तत्राऽऽदिमं पदार्थसंग्रहाख्यं प्रकरणम् ।
कर्णालम्बितकम्बलाश्वतरयोर्गीतामृतास्वादना-
दान्दोलीकृतमौलिनिर्झरनदीतारङ्गपाराश्रियः ।
नृत्यच्चन्द्रकलाकलापरिलसद्ब्रह्माण्डखण्डान्तरं
तं सूर्यत्रयचोपरूपवपुषं वन्दे भवानीपतिम् ॥ १ ॥
विघ्नौघहारिणं सर्वभक्ताभिमतकारिणम् ।
वारणास्यमहं वन्दे मौलावर्धेन्दुधारिणम् ॥ २ ॥
वाणि वीणालसद्वाणि पञ्चाशद्वर्णरूपिणि ।
पादानतसुरश्रेणि निवासं कुरु मन्मुखे ॥ ३ ॥
वन्दे वेदार्थतत्त्वज्ञं भुक्तिमुक्तिप्रदर्शकम् ।
सर्वागमविदं नित्यं चन्द्रभूषणदेशिकम् ॥ ४ ॥

എന്നു രണ്ടു വിഭാഗങ്ങൾ വീതവും ചേർത്ത് 12 സ്വരസ്ഥാനങ്ങളാണ് (ദ്വാദശസ്വരസ്ഥാനങ്ങൾ) നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. അവ :-

| | | |
|---|---|---|
| 1. | ഷഡ്ജം | സ |
| 2 | ശുദ്ധ ഋഷഭം | രി1 |
| 3. | ചതു ശ്രുതിഋഷഭം | രി2 |
| 4. | സാധാരണഗാന്ധാരം | ഗ1 |
| 5. | അന്തരഗാന്ധാരം | ഗ2 |
| 6. | ശുദ്ധമദ്ധ്യമം | മ1 |
| 7. | പ്രതിമദ്ധ്യമം | മ2 |
| 8. | പഞ്ചമം | പ |
| 9. | ശുദ്ധധൈവതം | ധ1 |
| 10. | ചതുഃശ്രുതി ധൈവതം | ധ2 |
| 11. | കൈശികി നിഷാദം | നി1 |
| 12. | കാകലിനിഷാദം | നി2 |

എന്നാൽ 17-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വെങ്കിടമഖിയാണ് കർണ്ണാടക സംഗീതത്തിന് ശാസ്ത്രീയമായ ഒരു അടിസ്ഥാന രാഗപദ്ധതി ആവിഷ്കരിച്ചത്. ആധുനിക കർണ്ണാടക സംഗീതത്തിലെ രാഗപദ്ധതിയുടെ ഉപജ്ഞാതാവായി അറിയപ്പെടുന്ന ശ്രീ വെങ്കിടമഖി 'സംഗീതസുധ' എന്ന ഗ്രന്ഥത്തിന്റെ കർത്താവ് ശ്രീ ഗോവിന്ദ ദീക്ഷിതരുടെ പുത്രനാണ്. 'ചതുർദണ്ഡിപ്രകാശിക'

എന്ന സംഗീതശാസ്ത്ര ഗ്രന്ഥത്തിലൂടെയാണ് കർണ്ണാടകസംഗീതത്തിന് വളരെ ശാസ്ത്രീയമായി എല്ലാവരാലും അംഗീകരിക്കപ്പെട്ട 72 മേളകർത്താ രാഗങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു മേളപദ്ധതി വെങ്കിടമഖി ആവിഷ്കരിച്ചിട്ടുള്ളത്. ആ മേളപദ്ധതി തന്നെയാണ് ഇന്നും പ്രാബല്യത്തിലുള്ളത്.

ഒരു സ്ഥായിയിലെ ഇരുപത്തി രണ്ടു ശ്രുതികൾക്കിടയിലെ പന്ത്രണ്ടു സ്വരസ്ഥാനങ്ങളെ പതിനാറു സ്വരസ്ഥാനങ്ങളായി (ഷോഡശസ്വരസ്ഥാനങ്ങൾ) വിപുലീകരിച്ചാണ് അടിസ്ഥാനരാഗങ്ങളും അവയുടെ ക്രമനമ്പരുകളും നിർണ്ണയിച്ചിരിക്കുന്നത്. അചലസ്വരങ്ങളായ ഷഡ്ജ-പഞ്ചമങ്ങൾക്കു പുറമെ മദ്ധ്യമത്തിനു രണ്ടു സ്ഥാനവും രി, ഗ, ധ, നി എന്നീ നാലു സ്വരങ്ങൾക്ക് മൂന്നു സ്ഥാനം വീതവുമാണ് ജ്ഞാപകസൂത്രത്തിനെ ആസ്പദമാക്കി പതിനാറു സ്വരസ്ഥാനങ്ങളും നിശ്ചയിച്ചിരിക്കുന്നത്. അവ

| | | | | |
|---|---|---|---|---|
| 1. | ഷഡ്ജം | സ | സ | |
| 2. | ശുദ്ധഋഷഭം | രി | ര | |
| 3. | ചതുഃശ്രുതിഋഷഭം | രി2 | രി | ഗ |
| | ശുദ്ധഗാന്ധാരം | | | |
| 4. | ഷട്ശ്രുതിഋഷഭം | രി3 | രു | ഗി |
| | സാധാരണഗാന്ധാരം | | | |
| 5. | ശുദ്ധഗാന്ധാരം | ഗ1 | ഗ | |
| 6. | സാധാരണഗാന്ധാരം | ഗ2 | ഗി | |
| 7. | അന്തരഗാന്ധാരം | ഗ3 | ഗു | |
| 8. | ശുദ്ധമദ്ധ്യമം | മ1 | മ | |
| 9. | പ്രതിമദ്ധ്യമം | മ2 | മി | |
| 10. | പഞ്ചമം | പ | | |
| 11. | ശുദ്ധധൈവതം | ധ1 | ധ | |
| 12. | ചതുശ്രുതിധൈവതം | ധ2 | ധി | ന |
| | ശുദ്ധനിഷാദം | | | |
| 13. | ഷഡ്ജശ്രുതിധൈവതം | ധ3 | ധു | നി |
| | കൈശികനിഷാദം | | | |
| 14. | ശുദ്ധനിഷാദം | നി1 | ന | |
| 15. | കൈശികിനിഷാദം | നി2 | നി | |
| 16. | കാകലിനിഷാദം | നി3 | നു | |

72 മേളകർത്താ പദ്ധതി ശാസ്ത്രീയമായി ആവിഷ്കരിക്കുന്നതിലേക്കായി 12 സ്വരസ്ഥാനങ്ങളെ പതിനാറു സ്വരസ്ഥാനങ്ങളായി വിപുലീകരിക്കുകയാണ് വെങ്കിടമഖി ചെയ്തിരിക്കുന്നത്. ചതുഃശ്രുതിഋഷഭം-ശുദ്ധഗാന്ധാരം, ഷട്ശ്രുതിഋഷഭം-സാധാരണഗാന്ധാരം, ചതുഃശ്രുതിധൈവതം-ശുദ്ധനിഷാദം, ഷട്ശ്രുതിധൈവതം-കൈശികിനിഷാദം, ഇവയ്ക്ക് ഒരേ സ്ഥാനമായതിനാൽ യഥാർത്ഥത്തിൽ പന്ത്രണ്ടു സ്വരസ്ഥാനങ്ങൾ മാത്രമാണുള്ളത്. ഈ സ്വരങ്ങളെ തമ്മിൽ ചേർച്ചയില്ലാത്തതിനാൽ വിവിദിസ്വരങ്ങളെന്നും അവ ഒന്നിച്ചു വരുന്ന രാഗങ്ങളെ വിവാദി മേളം രാഗങ്ങളെന്നും പറയുന്നു.

ജനകരാഗങ്ങളായ 72 മേളകർത്താ രാഗങ്ങൾക്ക് ക്രമസമ്പൂർണ്ണമായ ഏഴു സ്വരങ്ങളാണ് ആരോഹണ അവരോഹണങ്ങളിലുള്ളത്. ക്രമസമ്പൂർണ്ണമായ ആരോഹണത്തിലും അവരോഹണത്തിലും ഒരേ സ്വര്സ്ഥാനങ്ങളാണുള്ളത്. ഈ ജനകരാഗങ്ങൾക്കെല്ലാം എണ്ണമറ്റ ജന്യരാഗങ്ങളും ഉണ്ട്.

72 മേളകർത്താ രാഗങ്ങളെ ഷോഡശസ്വരസ്ഥാനങ്ങളുടെ അടിസ്ഥാനത്തിൽ വളരെ ശാസ്ത്രീയമായ രീതിയിലാണ് തരംതിരിച്ചിട്ടുള്ളത്. 72 മേളകർത്താ രാഗങ്ങളുടെ ആദ്യ വിഭജനം ഒന്നുമുതൽ മുപ്പത്തിആറുവരെയുള്ള മുപ്പത്താറു ശുദ്ധമദ്ധ്യമരാഗങ്ങളടങ്ങിയ പൂർവ്വമേളവും ബാക്കിയുള്ള മുപ്പത്തിയേഴു മുതൽ 72 വരെയുള്ള മുപ്പത്തിയാറു പ്രതിമദ്ധ്യമരാഗങ്ങളുമടങ്ങുന്ന ഉത്തരമേളവുമാണ്. ഓരോ പൂർവ്വമേളരാഗത്തിനും ശുദ്ധമധ്യമത്തിന്റെ സ്ഥാനത്ത് പ്രതിമധ്യമമായുള്ള രാഗം ഉത്തരമേളത്തിലുണ്ട്. അവതമ്മിലുള്ള ക്രമമ്പറിലുള്ള വ്യത്യാസം 36 ആയിരിക്കും.

അടുത്ത വിഭജനം 6 രാഗങ്ങൾ അടങ്ങുന്ന 12 ചക്രങ്ങളായാണ്. ശുദ്ധമധ്യമമടങ്ങുന്ന പൂർവ്വ മേളരാഗങ്ങളെ ആറു ചക്രങ്ങളായും പ്രതിമധ്യമമടങ്ങുന്ന 36 ഉത്തരമേളരാഗങ്ങളെ മറ്റൊരു ആറു ചക്രങ്ങളായും തരംതിരിച്ചിരിക്കുന്നു. ഈ പന്ത്രണ്ടു ചക്രങ്ങളുടെ പേരുകൾ ജ്യോതിശാസ്ത്രത്തിൽ അതത് സംഖ്യയെ കുറിക്കുവാൻ ഉപയോഗിക്കുന്നവയാണ്.

| | ചക്രം | പേര് |
|---|---|---|
| 1. | ഇന്ദു | (ഒരു ചന്ദ്രൻ) |
| 2. | നേത്ര | (രണ്ടു കണ്ണുകൾ |
| 3. | അഗ്നി | (മൂന്നു യാഗാഗ്നികൾ) |
| 4. | വേദം | (നാലു വേദങ്ങൾ |
| 5. | ബാണം | (അഞ്ചു ബാണങ്ങൾ) |
| 6. | ഋതു | (ആറു ഋതുക്കൾ) |
| 7. | ഋഷി | (സപ്ത ഋഷികൾ) |
| 8. | വസു | (അഷ്ടവസുക്കൾ) |
| 9. | ബ്രഹ്മ | (നവപ്രജാപതികൾ) |
| 10. | ദിക്ക് | (ദശദിക്കുകൾ) |
| 11. | രുദ്രൻ | (ഏകാദശരുദ്രന്മാർ) |
| 12. | ആദിത്യൻ | (ദ്വാദശ ആദിത്യന്മാർ) |

72 മേളകർത്താ രാഗങ്ങളിലും ഏഴു സ്വരങ്ങളിൽ സ, പ എന്നീ പ്രകൃതി സ്വരങ്ങൾക്ക് യാതൊരു മാറ്റവുമില്ല. പൂർവ്വമേളത്തിലെ 36 രാഗങ്ങൾക്ക് ശുദ്ധമധ്യമവും ഉത്തരമേളത്തിലെ 36 രാഗങ്ങൾക്ക് പ്രതിമധ്യമവുമാണുള്ളത്. അടുത്തത് രി, ഗ, ധ, നി എന്നീ സ്വരങ്ങളാണ്. രി, ഗ എന്നീ സ്വരങ്ങൾ ഒരു ചക്രത്തിലെ എല്ലാ രാഗങ്ങൾക്കും ഒന്നുപോലെയായിരിക്കും.

1-7 ചക്രങ്ങൾ - ശുദ്ധഋഷഭം ശുദ്ധഗാന്ധാരം
2-8 ചക്രങ്ങൾ - ശുദ്ധഋഷഭം സാധാരണഗാന്ധാരം
3-9 ചക്രങ്ങൾ - ശുദ്ധൃഷഭം അന്തരഗാന്ധാരം
4-10 ചക്രങ്ങൾ - ചതുഃശ്രുതിഋഷഭം സാധാരണഗാന്ധാരം
5-11 ചക്രങ്ങൾ - ചതുഃശ്രുതിഋഷഭം അന്തരഗാന്ധാരം
6-12 ചക്രങ്ങൾ - ഷട്ശ്രുതിഋഷഭം അന്തരഗാന്ധാരം

എന്നാൽ ധൈവത നിഷാദങ്ങൾ എല്ലാ ചക്രങ്ങളിലെയും 1, 2, 3, 4, 5, 6 എന്നീ ക്രമനനമ്പരുകളിലെ രാഗങ്ങളിൽ ഒന്നായിരിക്കും. എന്നാൽ ഒരു ചക്രത്തിലെ എല്ലാ രാഗങ്ങൾക്കും വ്യത്യസ്തമായിരിക്കും. എല്ലാ 12 ചക്രത്തിലെയും

പ 1-ാമത്തെ രാഗം ശുദ്ധധൈവതം ശുദ്ധനിഷാദം
ശ്രീ 2-ാമത്ത രാഗം ശുദ്ധധൈവതം കൈശികിനിഷാദം
ഗോ 3-ാമത്തെ രാഗം ശുദ്ധധൈവതം കാകളിനിഷാദം
ഭൂ 4-ാമത്തെ രാഗം ചതുഃശ്രുതിധൈവതം കൈശികിനിഷാദം
മ 5-ാമത്തെ രാഗം ചതുശ്രുതിധൈവതം കാകളി നിഷാദം
ഷ 6-ാമത്തെ രാഗം ഷഡ്ശ്രുതിധൈവതം കാകളി നിഷാദം

ഓരോ ചക്രത്തിലെയും ആറു രാഗങ്ങൾക്കും ക്രമമായി പ, ശ്രീ, ഗോ, ഭൂ, മ, ഷ എന്നീ സംജ്ഞകളും ഉണ്ട്. മേൽപ്പറഞ്ഞ നിയമങ്ങൾ അനുസരിച്ച് ക്രമസംഖ്യ വെച്ച് ഒരു രാഗത്തിന്റെ സ്വരസ്ഥാനം നിർണ്ണയിക്കാൻ സാധിക്കും.

എന്നാൽ വെങ്കിടമഖി ആവിഷ്കരിച്ച 72 മേളകർത്താ രാഗങ്ങൾക്ക് അദ്ദേഹം നാമകരണം ചെയ്തിട്ടില്ലാത്തതിനാൽ 18-ാം നൂറ്റാണ്ടിലാണ് ഇന്നു പ്രാബല്യത്തിലുള്ള മേളകർത്താ രാഗങ്ങളുടെ നാമധേയം നിലവിൽ വന്നത്. 'സംഗ്രഹചൂഡാമണി' എന്ന സംഗീതശാസ്ത്രഗ്രന്ഥത്തിന്റെ കർത്താവായ ഗോവിന്ദാചാര്യയാണ് 72 മേളകർത്താരാഗങ്ങൾക്കും, കനകാംഗി, രത്നാംഗി തുടങ്ങിയ നാമങ്ങൾ നൽകിയത്. ഈ നാമകരണ രീതിയ്ക്ക് സമ്പൂർണ്ണ മേളപദ്ധതിയെന്നും അതിനു മുൻപ് നിലവിലിരുന്ന രീതിയ്ക്ക് അസമ്പൂർണ്ണ മേളപദ്ധതിയെന്നും പറഞ്ഞുവരുന്നു. മുത്തുസ്വാമി ദീക്ഷിതരുടെ ചില കൃതികളിൽ അസമ്പൂർണ്ണ മേളപദ്ധതി പ്രയോഗിച്ചു കാണുന്നു.

സമ്പൂർണ്ണ പദ്ധതിയിൽ രാഗങ്ങളുടെ നാമകരണം ചെയ്തിരിക്കുന്നത് 'കടപയാദിസംഖ്യാസൂത്രം' അനുസരിച്ചാണ്. അതുപ്രകാരം രാഗനാമം ലഭിച്ചാൽ ക്രമനമ്പർ നിർണ്ണയിക്കാൻ സാധിക്കും.

അക്ഷരമാലയിലെ 'ക' മുതൽ 'ഝ' വരെയുള്ള ഒൻപത് അക്ഷരങ്ങളെ 'കാദിനവ' എന്നും 'ട' മുതൽ 'ധ' വരെയുള്ള ഒൻപതക്ഷരങ്ങളെ 'ടാദിനവ' എന്ന് 'പ' മുതൽ 'മ' വരെയുള്ള അഞ്ചുസ്വരങ്ങൾക്ക് 'പാദിപഞ്ചമ' എന്നും 'യ' മുതൽ 'ഹ' വരെയുള്ള അക്ഷരങ്ങൾക്ക് യാദ്യഷ്ട എന്നും നാലുവിഭാഗങ്ങളായി തരംതിരിച്ചിരിക്കുന്നു. 'കടപയാദ്രിസംഖ്യാസൂത്ര'ത്തിന്റെ അടിസ്ഥാനത്തിൽ രാഗനാമത്തിലെ ആദ്യത്തെ രണ്ടക്ഷരം വച്ച് ക്രമനമ്പർ കണ്ടുപിടിക്കുവാൻ സാധിക്കും.

ജനകരാഗങ്ങളായ എഴുപത്തിരണ്ടു അടിസ്ഥാന




*വെങ്കിടമഖി*

മേളകർത്താ രാഗങ്ങൾക്ക് അനേകം ജന്യരാഗങ്ങളുണ്ട്. ആരോഹണത്തിലോ, അവരോഹണത്തിലോ, രണ്ടിലുമോ ഒന്നോ അതിലധികമോ സ്വരങ്ങൾ വിട്ടുകളഞ്ഞ രാഗങ്ങളാണ് വർജ്ജരാഗങ്ങൾ. വർജ്ജസ്വരങ്ങളുടെ എണ്ണത്തെ അടിസ്ഥാനമാക്കി വർജ്ജരാഗങ്ങളെ (1) ഷാഡവസമ്പൂർണ്ണം (ആരോഹണത്തിൽ മാത്രം ഒരു സ്വരം വർജ്ജിച്ച് ആറു സ്വരങ്ങളും അവരോഹണത്തിൽ സമ്പൂർണ്ണമായി ഏഴു സ്വരങ്ങളും വരുന്നവ, (2) ഔഡവസമ്പൂർണ്ണം (ആരോഹണത്തിൽ രണ്ടു സ്വരങ്ങൾ ഒഴിവാക്കി അഞ്ചു സ്വരങ്ങളും അവരോഹണത്തിൽ സമ്പൂർണ്ണമായി ഏഴു സ്വരങ്ങളും വരുന്നവ, (3) സമ്പൂർണ്ണ-ഷാഡവം (ആരോഹണത്തിൽ ഏഴു സ്വരങ്ങളും അവരോഹണത്തിൽ ആറുസ്വരങ്ങളും ഉള്ളവ, (4) സമ്പൂർണ്ണ-ഔഡവം (ആരോഹണത്തിൽ ഏഴു സ്വരങ്ങളും അവരോഹണത്തിൽ അഞ്ചു സ്വരങ്ങളും വരുന്നവ, (5) ഷാഡവ-ഷാഡവം (ആരോഹണത്തിലും അവരോഹണത്തിലും ഒരുപോലെ ആറു സ്വരങ്ങൾ വീതം വരുന്നവ, (6) ഷാഡവ-ഔഡവരാഗം (ആരോഹണത്തിൽ ആറും അവരോഹണത്തിൽ അഞ്ചും സ്വരങ്ങൾ വീതം വരുന്നവ, (7) ഔഡവ-ഷാഡവം (ആരോഹണത്തിൽ അഞ്ചും അവരോഹണത്തിൽ ആറും സ്വരങ്ങൾ ഉള്ളവ, (8) ഔഡവ-ഔഡവ രാഗം (ആരോഹണത്തിലും അവരോഹണത്തിലും ഒരുപോലെ അഞ്ചു സ്വരങ്ങൾ വീതം വരുന്ന രാഗം എന്നിങ്ങനെ എട്ടുവിഭാഗങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്.

എന്നാൽ പിൽക്കാലത്ത് രണ്ടിൽക്കൂടുതൽ സ്വരങ്ങൾ വർജ്ജമായ രാഗങ്ങളും ചില സംഗീതജ്ഞർ പ്രയോഗിച്ചു കാണുന്നു.

ജന്യരാഗങ്ങളിൽ ക്രമമല്ലാതെ വക്രമായി സ്വരങ്ങൾ പ്രയോഗിക്കുന്നവയെ വക്രരാഗങ്ങൾ എന്നു പറയുന്നു. വക്രരാഗങ്ങളിൽ അനേകം വകഭേദമുണ്ട്. ആരോഹണം സമ്പൂർണ്ണമായും അവരോഹണം വക്രമായും വരുന്ന സമ്പൂർണ്ണ വക്രരാഗങ്ങളും, ആരോഹണം വക്രമായും അവരോഹണം സമ്പൂർണ്ണമായും വരുന്ന വക്ര-സമ്പൂർണ്ണ രാഗങ്ങൾ, ആരോഹണവും അവരോഹണവും ഒരുപോലെ വക്രമായ ഉഭയക്രരാഗങ്ങൾ എന്നിവ കൂടാതെ ആരോഹണ-അവരോഹണങ്ങളിൽ വരുന്ന സ്വരങ്ങളുടെ എണ്ണം അടിസ്ഥാനമാക്കി വീണ്ടും വിഭജനങ്ങൾ ഉണ്ട്. അവയിൽ വക്രഷാഡവം എന്ന വിഭാഗത്തിൽ ആരോഹണം മാത്രം വക്രമായ ഷാഡവരാഗം, അവരോഹണം മാത്രം വക്രമായ ഷാഡവരാഗം, ആരോഹണവും അവരോഹണവും വക്രമായ രാഗം എന്നീ വിഭാഗങ്ങളുമുണ്ട്. അതേപോലെ തന്നെ വക്ര ഔഡവരാഗത്തിലും ഈ മൂന്നു വിഭജനം കാണാം. ഇവ കൂടാതെ

ക്രമസമ്പൂർണ്ണ - വക്രസമ്പൂർണ്ണ രാഗം
ക്രമഔഡവ - വക്രസമ്പൂർണ്ണ രാഗം
ക്രമഷാഡവ - വക്രസമ്പൂർണ്ണ രാഗം
ക്രമഔഡവ - വക്രസമ്പൂർണ്ണരാഗം
വക്രസമ്പൂർണ്ണ - ക്രമഔഡവരാഗം
ക്രമഷാഡവ - വക്രഷാഡവരാഗം
ക്രമഔഡവ - വക്രഷാഡവരാഗം
വക്രഷാഡവ - ക്രമസമ്പൂർണ്ണരാഗം
വക്രഷാഡവ - ക്രമഷാഡവരാഗം
വക്രഔഡവ - ക്രമസമ്പൂർണ്ണരാഗം
വക്രഔഡവ - ക്രമഷാഡവരാഗം
വക്രഔഡവ - ക്രമഔഡവരാഗം

ഇവയെ കൂടാതെ ഉഭയവക്രരാഗങ്ങൾ ആറുവിധമുണ്ട്.

വക്രസമ്പൂർണ്ണ - വക്രസമ്പൂർണ്ണരാഗം
വക്രസമ്പൂർണ്ണ - വക്രഷാഡവരാഗം
വക്രഷാഡവ - വക്രസമ്പൂർണ്ണരാഗം
വക്രഷാഡവ - വക്രഷാഡവരാഗം
വക്രഔഡവ - വക്രസമ്പൂർണ്ണരാഗം
വക്രഔഡവ - വക്രഷാഡവരാഗം

മേൽപ്പറഞ്ഞ ജന്യരാഗങ്ങളെല്ലാം ജനകരാഗത്തിൽ വരുന്ന അതേ സ്വരസ്ഥാനത്തോടുകൂടിയ സ്വരങ്ങളുള്ളവയാണ്. അവയെ ഉപാംഗരാഗങ്ങൾ എന്നു പറയുന്നു. എന്നാൽ ചില ജന്യരാഗങ്ങളിൽ ആരോഹണത്തിലോ അവരോഹണത്തിലോ രണ്ടിലുമോ ജനകരാഗത്തില്ലാത്ത സ്വരങ്ങൾ ഉണ്ടാകും. അവയെ അന്യസ്വരങ്ങൾ എന്നു പറയും. അങ്ങനെ അന്യസ്വരങ്ങൾ വരുന്ന രാഗങ്ങളെ ഭാഷാംഗരാഗങ്ങൾ എന്നാണ് പറയുന്നത്.

ഇങ്ങനെ ഓരോ മേളകർത്താരാഗത്തിനും 483 വർജ്ജരാഗങ്ങളും എണ്ണമറ്റ വക്രരാഗങ്ങളും ഭാഷാംഗരാഗങ്ങളുമടങ്ങുന്ന അതിവിപുലവും ശാസ്ത്രീയവുമായ രാഗപദ്ധതി ലോകസംഗീതത്തിൽ കർണ്ണാടകസംഗീതത്തിനു മാത്രം അവകാശപ്പെടാവുന്ന അമൂല്യസമ്പത്താണ്. ●

# ഏകതാ പ്രവാസി 'സംഗീതഭാരതി പുരസ്കാരം' ആയാംകുടി മണിക്ക്



ഷാർജ ആസ്ഥാനമായ പ്രവാസി ഇന്ത്യക്കാരുടെ കൂട്ടായ്മയായ ഏകതയുടെ ഈ വർഷത്തെ ഏകതാ പ്രവാസി സംഗീതഭാരതി പുരസ്കാരത്തിന് പ്രശസ്ത സംഗീതജ്ഞൻ ശ്രീ. ആയാംകുടി മണി അർഹനായി. അമ്പതിനായിരത്തി ഒന്നുരൂപയും പ്രശസ്തിപത്രവും ഫലകവുമടങ്ങുന്ന പുരസ്കാരം ഒക്ടോബർ 7 ന് ഷാർജയിൽ എട്ടാമത് ഏകതാ നവരാത്രി സംഗീതോത്സവത്തോടനുബന്ധിച്ചുള്ള പ്രത്യേക ചടങ്ങിൽ സമ്മാനിക്കും. ഇന്ത്യയിൽ നിന്നും ഗൾഫ് രാജ്യങ്ങളിൽ നിന്നുമായി അഞ്ഞൂറോളം കലാകാരന്മാർ റയാൻ ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്ന ഈ സംഗീതോത്സവത്തിൽ പങ്കെടുക്കും.

# രാഗാമൃതം



തയ്യാറാക്കിയത് : **സുനിൽ ശർമ്മ**

## സൗരാഷ്ട്രം

17-ാമതു മേളകർത്താരാഗം സൂര്യകാന്തത്തിന്റെ ജന്യം.

ആരോഹണം : സ രി ഗ മ പ മ ധാ നി സ

അവരോഹണം : സ നി ധ **നി** ധ പ മ ഗ രി സ

ഉഭയവക്രസമ്പൂർണ്ണരാഗം. ഷഡ്ജ-പഞ്ചമങ്ങൾക്കു പുറമേ ശുദ്ധരിഷഭം, അന്തര ഗാന്ധാരം, ശുദ്ധമധ്യമം, ചതുശ്രുതി ധൈവതം, കാകളി നിഷാദം എന്നിവ ഈ രാഗത്തിൽ വരുന്ന സ്വരങ്ങളാണ്. ധ**നി**ധപ, **നി**ധപമഗരി എന്നീ സഞ്ചാരങ്ങളിൽ കൈശികി നിഷാദം അന്യസ്വരമായി വരുന്നതിനാൽ ഭാഷാംഗരാഗ ഗണത്തിൽപ്പെടുന്നു. രി, ധ, നി എന്നിവ രാഗഛായാസ്വരങ്ങൾ. ആലാപനത്തിന് സാദ്ധ്യത കുറവുള്ള രാഗം. ഭക്തിരസപ്രധാനമായ സൗരാഷ്ട്രം മംഗളകരമായ രാഗങ്ങളിലൊന്നാണ്.

ഈ രാഗത്തിലുള്ള ഏതാനും കൃതികൾ :

| | | |
|---|---|---|
| 1. ശ്രീഗണപതിനി സേവിംപരാരേ | ആദി | ത്യാഗരാജസ്വാമി |
| 2. അല്ല കല്ലോലമായെനമ്മ | ആദി | ത്യാഗരാജസ്വാമി |
| 3. ദേവരാമ രാമ മഹാദേവരാഘവാ | രൂപകം | ത്യാഗരാജസ്വാമി |
| 4. പാഹിമാം ഹരേ മഹാനുഭാവ രാഘവാ | രൂപകം | ത്യാഗരാജസ്വാമി |
| 5. സൂര്യമൂർത്തേ നമോസ്തുതേ | ചതുരശ്രധ്രുവം | മുത്തുസ്വാമി ദീക്ഷിതർ |
| 6. വരലക്ഷ്മീം ഭജരേ രേ മാനസ | ആദി | മുത്തുസ്വാമി ദീക്ഷിതർ |
| 7. സരസിജനാഭ നിൻ ചരണസേവയാൽ | മിശ്രചാപ്പ് | സ്വാതിതിരുനാൾ |
| 8. ശരണു സിദ്ധിവിനായക | മിശ്രചാപ്പ് | പുരന്ദരദാസർ |
| 9. നിന്നുജൂചി ധന്യുഡൈതി | ആദി | പട്ടണംസുബ്രഹ്മണ്യയ്യർ |
| 10. രംഗനാഥുഡെ | രൂപകം | പൊന്നയ്യാപിള്ള |

ഒരു കൃതി സ്വരച്ചിട്ടയോടെ :

| | | |
|---|---|---|
| ദിനമനു ഹൃദിമമ വിഹര വിഭോ | ആദി | സ്വാതിതിരുനാൾ |

*പല്ലവി*

ദിനമനു ഹൃദി മമ വിഹര വിഭോ
സമരാങ്കണ പടുതര ദിതിസുതകാല വിഭോ

*അനുപല്ലവി*

വനരുഹ മദഹരണ നയന നിവാരിത പാപ രമാവര

*ചരണം*

ഫണിശയനാƒമര മുനി ശരണ പങ്കജനാഭ ഹരേ

ഗുണഗണ വിവശിത തമസമഘോഷ നിവാസിജനാƒമല സൂന
ബാണ മദഹാരി ദേഹ വര പീതകാന്തി പട

*പല്ലവി*

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | ‖ | ാാപധ | ാപമാ | | മഗ പമ | രിാരിാ | । |
| | | --ദിന | -മനു- | | ഹൃ-ദി- | മ- മ- | |
| | । | ാാ ഗമ | ാപ മാ | । | പാാാ | ാാാാ | ‖ |
| | | --വിഹ | -ര-വി- | | ഭോ--- | ---- | |
| 2. | ‖ | ാാപധ | ാപമാ | | മഗ പമ | രിാരിാ | । |
| | | --ദിന | -മനു- | | ഹൃ-ദി- | മ- മ- | |
| | । | ാാ ഗമ | ാപ പമ | । | ധ**നി**ധപാ | പമഗരി | ‖ |
| | | --വിഹ | -ര-വി- | | ഭോ - - - | - - - - | |

2

| | | | | | | | |
|---|---|---|---|---|---|---|---|
| 3. | ‖ | ഗമപധ | ാപമാ | | മഗ പമ | രിാരിാ | । |
| | | -- ദിന | -മനു- | | ഹൃ-ദി- | മ- മ- | |
| | । | ഗാ മാ | പാ പമ | । | ധനിസാ | നിധ**നി**ധ | ‖ |
| | | വി-ഹ- | ര- വി- | | ഭോ --- | - - - - | |
| 4. | ‖ | പമപധ | ാപമാ | | മഗ പമ | രിാരിാ | । |
| | | -- ദിന | -മനു- | | ഹൃ-ദി- | മ- മ- | |
| | । | ാാ ഗമ | ാപ പമ | । | പാാാ | ാപമാ | ‖ |
| | | --വിഹ | -ര-വി- | | ഭോ--- | -സമ- | |
| | ‖ | ധാാനി | സാസാ | | സനിധ**നി** | ധാപാ | । |
| | | രാ --- | ങ്ക-ണ- | | പ - ടു - | ത- ര- | |
| | । | ാാ മധ | ാ പപ ാ | । | മഗപമ | രിാമഗ | ‖ |
| | | --ദിതി | -സുത - | | കാ--- | ല-വി- | |
| | ‖ | രിസസാ | ാാാാ | | ാാാാ | ാാ പമ | । |
| | | ഭോ--- | ---- | | ---- | -- -- | |
| | । | ഗരിസരി | ഗമധനി | । | സാസനി | നിധ**നി**ധ | ‖ |
| | | - - - - | - - - - | | - - - - | - - - - | |
| | ‖ | പമപധ | ാപമാ | | മഗ പമ | രിാരിാ | । |
| | | -- ദിന | -മനു- | | ഹൃ-ദി- | മ- മ- | |
| | । | ാാ ഗമ | ാപ പമ | । | ധ**നി**ാധപാ | ാാാാ | ‖ |
| | | --വിഹ | -ര-വി- | | ഭോ - - - | ---- | |

അനുപല്ലവി

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | ‖ | ാാപമ | ാധനിാ | | സാസാ | ാസരിാ | । |
| | | --വന | -രുഹ- | | മ - ദ - | -ഹ ര- | |
| | । | രിസസാ | ാാാാ | । | ാാാാ | നിധ**നി**ധ | ‖ |
| | | ണ- - - | ---- | | ---- | - - - - | |
| 2. | ‖ | പമപമ | ാധനിാ | | സാസാ | ാസരിാ | । |
| | | -- വന | -രുഹ- | | മ - ദ - | -ഹ ര- | |
| | । | രിസസാ | ാാസാ | । | സാസാ | ാാ രിാ | ‖ |
| | | ണ- - - | --ന- | | യ- ന- | -- നി- | |
| | ‖ | സാാാ | രിാസാ | | സനിധ**നി** | ാധ പാ | । |
| | | വാ--- | രി-ത | | പാ - - - | - - പ- | |
| | । | ഗമ പധ | **നിനി**ധപ | । | മഗരിസ | സരിഗമ | ‖ |
| | | ര - മാ- | - - - - | | - - - - | വ - ര - | |
| | ‖ | പമപധ | ാപമാ | | മഗ പമ | രിാരിാ | । |
| | | -- ദിന | -മനു- | | ഹൃ-ദി- | മ- മ- | |
| | । | ാാ ഗമ | ാപ പമ | । | ധ**നി**ാധപാ | ാാാാ | ‖ |
| | | --വിഹ | -ര-വി- | | ഭോ - - - | ---- | |

3

<u>ചരണം</u>


| | | | | | | | |
|---|---|---|---|---|---|---|---|
| | ‖ | ാാ പ പ | ാപപാ | | പാാാ | ാാപമ | । |
| | | --ഫണി | -ശയ- | | നാ--- | --മ ര | |
| | । | മഗ പമ | രിാരി | । | രിസസാ | ാാാാ | ‖ |
| | | മു- നി- | ശ- ര- | | ണ- - - | ---- | |
| | ‖ | ാാസരി | ാഗമാ | | പാാാ | പാാപ | । |
| | | -- പ- | -ങ്കജ- | | നാ--- | ഭ--ഹ | |
| | । | <u>ധ**നി**ാധ</u>പാ | ാാാാ | । | ാാാാ | ാാാാ | ‖ |
| | | രേ - - - | ---- | | ---- | ---- | |
| | | | | | * * | * * | |
| 1. | ‖ | ാാപ മ | ാധനിാ | | സാസാ | രിാസാ | । |
| | | --ഗുണ | -ഗണ- | | വി- വ- | ശി-ത- | |
| | | * * | * * | | * | | |
| | । | ാാസസ | ാരിസാ | । | സനിധാ | **നി**ധപാ | ‖ |
| | | --ത മ | -സ മ- | | ഘോ--- | - - ഷ- | |
| | | | | | * * | * * | |
| 2. | ‖ | ാാപ മ | ാധനിാ | | സാസാ | രിാസാ | । |
| | | --ഗുണ | -ഗണ- | | വി- വ- | ശി-ത- | |
| | | * * | * * | | * | | |
| | । | ാാസസ | ാരിസാ | । | സനിധാ | <u>**നി**ധധാ</u>ാപ | ‖ |
| | | --ത മ | -സ മ- | | ഘോ--- | ഷ - - നി | |
| | ‖ | **നി**ധ പമ | ഗരിസസ | | രി ഗ മ പ | ാപ **നി**ധ | । |
| | | വാ-സിജ | നാ-മ ല | | സൂ- ന ബാ | -ണ മ ദ | |
| | | * | | | | | |
| | । | ധനിസ **നി** | ധപ പപ | । | **നി**ധപമ | ഗരിഗമ | ‖ |
| | | ഹാ-രി ദേ | - ഹ വര | | പീ-തകാ | -ന്തിപട | |

(ദിനമനുഹൃദിമമ വിഹരവിഭോ.......)

# സ്വാതി സംഗീതസഭ, പാലക്കാട്




പാലക്കാട് സ്വാതി സംഗീത സഭയുടെ പ്രതിമാസ സംഗീത പരിപാടിയുടെ ഭാഗമായി ആഗസ്റ്റ് 18 ഞായറാഴ്ച മന്തക്കര ശ്രീ മഹാഗണപതി ക്ഷേത്രത്തിൽ (പുതിയകല്പാത്തി) നടന്ന ചടങ്ങിൽ ശ്രീമതി. സുമാ പിഷാരടി സംഗീതക്കച്ചേരി അവതിപ്പിച്ചു. വയലിൻ - ശ്രീ. കൊടുന്തിരപ്പുള്ളി സുബ്ബരാമൻ, മൃദംഗം - ശ്രീ. പാലക്കാട് എ. ഗണേശൻ



## അഭിനയകല

# രംഗവേദി



**ഹരിപ്പാട് രവിപ്രസാദ്**

### നാടക അവതരണത്തിന് ഒരിടം (തലം, Space) വേണം

2500 വർഷങ്ങൾക്ക് മുമ്പ് പാശ്ചാത്യ നാടകം അരങ്ങേറുന്നതിനായി ഗ്രീക്കിൽ കുന്നിന്റെ തട്ടുകൾ ഇടമാക്കി വൃത്താകാരമായ സ്ഥലത്ത് ഓർക്കസ്ട്രാ ഒരുക്കി മദ്ധ്യത്തിലായി നാടകം അവതരിപ്പിച്ചിരുന്നു. പ്രേക്ഷകർ കുന്നിന്റെ തട്ടുകളിൽ ഇരുന്നു നാടകം കാണും. പ്രേക്ഷകർ ഇരുന്നിരുന്ന സ്ഥലത്തിനു പറഞ്ഞിരുന്ന പേര് തിയേറ്ററോൺ (Theatron) എന്നായിരുന്നു. ഈ വാക്കിന്റെ അർത്ഥം, കാണാനുള്ള സ്ഥലം (A space to see) എന്നാണ്. ഈ വാക്കിൽ നിന്നാണ് തിയേറ്റർ എന്ന പദമുണ്ടായത്.

പിൽക്കാലത്ത് ഇതിനു മാറ്റം വന്നു. വാസ്തുശില്പികളെക്കൊണ്ട് രംഗവേദി പരിഷ്കരിച്ചു. നാടകം വളർന്നു. വളർച്ചയനുസരിച്ച് രംഗവേദികളെ നാലു വിധമാക്കി.

നാടകം ഗവേഷണാത്മകവും പരീക്ഷ വിധേയമാക്കിയും പുരോഗതി പ്രാപിച്ചുകൊണ്ടിരുന്നു.

പ്രെസീനിയം സ്റ്റേജ്, സാൻവിച്ച് സ്റ്റേജ്, ത്രസ്റ്റ് സ്റ്റേജ്, അരീന സ്റ്റേജ് അവതരണവിധേയമാക്കി നാടകം പ്രേക്ഷകർക്ക് പുതുമ നൽകി.

### 1. പ്രൊസീനിയം സ്റ്റേജ്

ഇറ്റാലിയൻ വാസ്തുശില്പിയായ 'എലിയോടി' നിർമ്മിച്ച പാർമയിലെ ഫാർനസ് തിയേറ്ററാണ് ആദ്യത്തെ പ്രൊസീനിയം തിയേറ്റർ.

സ്റ്റേജിനു മൻപിൽ സ്റ്റേജിനെ അഭിമുഖീകരിച്ച് പ്രേക്ഷകർ ഇരിക്കുകയും മുൻപിലിരിക്കുന്ന പ്രേക്ഷകർക്കഭിമുഖമായി നാടകം അവതരിപ്പിക്കുന്നു. സാധാരണ നമ്മുടെ ഓഡിറ്റോറിയത്തിൽ നടക്കുന്ന മീറ്റിംഗുകൾ, മറ്റു പരിപാടികൾ ഇതിനുദാഹരണമാണ്. രംഗവേദിയിൽ നിൽക്കുന്ന കഥാപാത്രങ്ങളുടെ പ്രാധാന്യം കൂട്ടുന്നതിനും കുറയ്ക്കുന്ന




*പുരാതന ഗ്രീക്ക് തിയറ്റർ*

തിനും സ്റ്റേജിന്റെ പലതട്ടുകളായി വിഭജിച്ചിരിക്കുന്നു.

മുന്നരങ്ങ് വലത് (Down State Right)
മുന്നരങ്ങ് മദ്ധ്യം (Down State Centre)
മുന്നരങ്ങ് ഇടത് (Down State Left)
നടുവരങ്ങ് വലത് (Centre State Right)
നടുവരങ്ങ് മദ്ധ്യം (Centre State Centre)
നടുവരങ്ങ് ഇടത് (Centre State Left)
പിന്നരങ്ങ് വലത് (Upper State Right)
പിന്നരങ്ങ് മദ്ധ്യം (Upper State Centre)
പിന്നരങ്ങ് ഇടത് (Upper State Left)

Back

| | | |
|---|---|---|
| UR | UC | UL |
| UR | C | UL |
| DR | DC | DL |

Front

**പ്രൊസീനിയം സ്റ്റേജ് ഘടന**

ഈ രീതിയിൽ തിരിച്ച് പ്രേക്ഷകരുമായി സംവദിക്കുന്നതിന് സംവിധായകർ ശ്രദ്ധിച്ചിരുന്നു.

## 2. സാൻഡ്‌വിച്ച് സ്റ്റേജ്

പ്രത്യേകം കെട്ടിയുയർത്തിയ വേദിയിൽ നിന്നും തുറന്ന സ്ഥലത്ത് നാടകം അവതരിപ്പിക്കുന്ന സങ്കേതവുമുണ്ട്. കാവാലത്തിന്റെ തനതു നാടകങ്ങൾ കേരളത്തിൽ വളരെ പുതുമകലർത്തി അവതരിപ്പിച്ചിരുന്നു. കാവാലത്തിന്റെ കാഴ്ചപ്പാടും സംഭാവനയും പ്രത്യേകം എടുത്തു പറയേണ്ടതാണ്.



*വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ 'പെന്റ്ഹൗസ്' തിയേറ്റർ*

സാൻഡ്‌വിച്ച് സ്റ്റേജിന് 'ആലിസ്റ്റേജ്' (Allet Stage) എന്നും പേരുണ്ട്. രംഗവേദിക്ക് ഇടവഴിയുടെ ആകൃതിയുള്ളതുകൊണ്ടാണ് ഈ പേര് ലഭിച്ചത്. നടുക്ക് രംഗവേദിയും ഇരുവശത്തായി പ്രേക്ഷകരും ഇരിക്കുന്ന സ്റ്റേജാണിത് ഇരുവശങ്ങളിലിരിക്കുന്ന ആസ്വാദകരെ ഒരുപോലെ സംവേദിക്കേണ്ട ഭാരിച്ച ജോലി സംവിധായകനും നടീനടന്മാർക്കും രംഗമൊരുക്കുന്നവർക്കും ദീപമൊരുക്കുന്നവർക്കുമുണ്ട്.

നാടക കലാകാരന്മാരുടെ സംഘടനയായ 'നാടക്' എന്ന പ്രസ്ഥാനത്തിലെ കലാകാരന്മാർ തുറന്ന വേദികളിൽ ഈ സങ്കേതമുപയോഗിച്ച് ഇപ്പോൾ നാടകങ്ങൾ ചിട്ടപ്പെടുത്തുന്നുണ്ട്. ചേർത്തല മനോജ് ആർ. ചന്ദ്രൻ സാൻവിച്ച് രംഗവേദി ഉപയോഗപ്പെടുത്തി വൈക്കം മുഹമ്മദ് ബഷീറിന്റെ 'മുച്ചീട്ടുകളിക്കാരന്റെ മകൻ' എന്ന കഥയ്ക്ക് രംഗഭാഷ്യം നൽകിയത് പ്രേക്ഷകരുടെ പ്രശംസയേറ്റുവാങ്ങിയത് ഈ അടുത്തിടയിലാണ്.

## 3. ത്രസ്റ്റ് സ്റ്റേജ് (മുകപ്പ് രംഗവേദി)

സദസ്യരുടെ നടുവിലേക്ക് തള്ളി നിൽക്കുന്നതും മൂന്നു വശങ്ങളിലായി പ്രേക്ഷകർ ഇരിക്കുന്ന സ്റ്റേജാണിത്. പുരാതന ഗ്രീക്ക് സ്റ്റേജും ഷേക്സ്പിയർ നാടക അവതരണങ്ങളും ഈ മാതൃക സ്വീകരിച്ചിരുന്നു.

ചാനലുകളിൽ പ്രത്യക്ഷമാകുന്ന ഫാഷൻ പരേഡ് ഇത്തരം രംഗവേദിയുപയോഗിച്ചാണ്.

## 4. അരീന സ്റ്റേജ്

വൃത്താകൃതിയായ രംഗവേദിയാണിത്. പ്രേക്ഷകർ ചുറ്റും ഇരുന്ന് ആസ്വദിക്കുന്നു. ചറ്റിലുമുള്ള സദസ്യർക്ക് ഒരുപോലെ ആസ്വദിക്കത്തക്കവണ്ണം നടീനടന്മാരുടെ ചലനങ്ങൾക്ക് പ്രത്യേകതയുണ്ട്. സംവിധായകനിൽ വലിയ ഉത്തരവാദിത്വമുണ്ട്.


1932 ൽ വാഷിംഗ്ടൺ യൂണിവേഴ്സിറ്റിയിലെ 'പെന്റ്ഹൗസ്' തിയേറ്ററിൽ ഗ്ലെൻ ഫ്യൂഗ്സ് എന്ന സംവിധായകനാണ് അരീന രംഗവേദിക്ക് തുടക്കം കുറിച്ചത്. കർട്ടൻ ആവശ്യം ഈ സ്റ്റേജിന് ഇല്ല. പ്രൊസീനിയം സ്റ്റേജ് ഒഴിച്ചുള്ള ഈ മൂന്നു സ്റ്റേജുകളും കർട്ടൻ ആവശ്യപ്പെടുന്നില്ല.

സർക്കസ്, പഴയ സൈക്കിൾ യജ്ഞം അവതരണം അരീനയ്ക്ക് ഉദാഹരണമാണ്.

ഇവ കൂടാതെ ബ്ലാക് ബോക്സ് എന്ന സ്റ്റേജുണ്ട്. ദീർഘ ചതുരാകൃതികയിലുള്ള കറുത്ത പെയിന്റടിച്ച രംഗവേദിയാണിത്. പ്രേക്ഷകർക്ക് നാലുവശങ്ങളിലുമിരിക്കാം.

അഭിനയകലയിലേക്ക് പ്രവേശിക്കുമ്പോൾ താൻ നടിക്കേണ്ട രംഗവേദികളുടെ വൈവിദ്ധ്യത്തെക്കുറിച്ച ഏകദേശ ധാരണയുണ്ടായിരിക്കേണ്ടത് അത്യാവശ്യമാണ്.

(തുടരും)



എന്ന ഗാനാഭിനയരീതി തന്നെ നിലവിലുണ്ട്. 'ഗീതം വാദ്യം തഥാനൃത്തം ത്രയം സംഗീതമുച്യതേ' എന്ന ശാർങ്ഗദേവൻ. ഗീതവും വാദ്യവും നൃത്തവും ചേർന്ന താണ്

പ്രാചീന സാമൂഹ്യ വ്യവസ്ഥിതിയെ കൂടാതെ സംഗീത സമ്പ്രദായങ്ങളുടെ സൂചനയും ചിലപ്പതികാരത്തിലുണ്ട്. നൃത്തത്തിനും സംഗീതത്തിനും പ്രാമുഖ്യം കല്പിച്ചിരുന്ന ജനവിഭാഗമായിരുന്നു അത് (എ.ഡി. തുടക്കം). സ്ത്രീപുരുഷന്മാർ ഉപയോഗിച്ചിരുന്ന പല 'വൻ' രാഗവും അക്കാലത്തുണ്ട്. ഹരികാംബോജിയുടെ ജന്യരാഗങ്ങളാണവ (വി.ആർ. രാമചന്ദ്ര ദീക്ഷിതർ). വീണ മാതിരിയുള്ള 'യാൾ' ഉപകരണം തന്നെ നാലു തരത്തിലായിരുന്നു. മുള, ചന്ദനം, ചെങ്കാലി, കരിങ്ങാലി, വെങ്കലം തുടങ്ങിയവ കൊണ്ടുണ്ടാക്കപ്പെട്ട പുല്ലാങ്കുഴലുകളും തോലുകൊണ്ടുണ്ടാക്കിയ മുപ്പത്തൊന്ന് വാദ്യങ്ങളും ശ്രദ്ധേയമായവ

# ചിലപ്പതികാരത്തിലെ സംഗീതം



രാജാ ശ്രീകുമാർ വർമ്മ


ചേരസാമ്രാജ്യാധിപതിയായിരുന്ന ചെങ്കുട്ടുവന്റെ അനുജനായ ഇളംകോവടികൾ രചിച്ച മഹാകാവ്യമാണ് 'ചിലപ്പതികാരം'. ചിലമ്പിനെ അധികരിച്ചെഴുതിയതിനാൽ ഈ പേരുണ്ടായി. ഇയൽ (കാവ്യം) ഇശൈ (ഗീതം) നാടകം എന്നിവ അടങ്ങിയരിക്കുന്നതുകൊണ്ട് ഇതിനെ മുത്തമിഴ് കാവ്യം എന്നും പറയാറുണ്ട്. ചിലമ്പ് മോഷണം പോയതിന്റെ പേരിൽ, നിരപരാധിയായ തന്റെ ഭർത്താവ് കോവലനെ മധരാധിപൻ നെടുഞ്ചെഴിയൻ വധിച്ചതിനെ തുടർന്ന് സംഹാരരുദ്രയായ കണ്ണകി ഇടത്തേ മുല പറിച്ചെറിഞ്ഞ് മധുരാനഗരം അഗ്നിക്കിരയാക്കുന്ന പ്രമേയമാണ് ഇതിൽ. അനന്തരം കണ്ണകി കൊടുങ്ങല്ലൂർ ഭഗവതിയിൽ വിലയം പ്രാപിച്ചു.

ഉത്തര കേരളത്തിലെ ദേവീക്ഷേത്രങ്ങളിൽ പ്രചാരത്തിലിരിക്കുന്ന പല 'തോറ്റംപാട്ടു'കളും കണ്ണകിയെയും കോവലനെയും സംബന്ധിക്കുന്ന കഥകൾ ഉൾപ്പെടുന്നവയാണ്. കണ്ണകിത്തോറ്റം

യാണ്. “വീണ വേണു സുധയെ ന്നിവ മൂന്നും, ഊനമറ്റു കലർന്ന മട്ടായൊരു” കണ്ഠസ്വരമുള്ള മാധവിയുടെ നാട്യാചാര്യന്റെ പ്രാഗത്ഭ്യം വർണ്ണിക്കുന്ന ഗ്രന്ഥ ത്തിൽ പതിനൊന്നു തരത്തിലാണ് നൃത്തം.

ദേശ്യരാഗത്തിൽ നിർത്തി യഥാക്രമം മംഗളഗാനം കഴിഞ്ഞ് ചതുഷ്പദി മുതലായ ഗീതങ്ങളെ താളത്തിനും ശ്രുതിക്കും ഭംഗം വരാതെ വാദ്യനൃത്തങ്ങൾക്ക് അനുയോജ്യമായി ത്രിപുട യിൽ ആരംഭിച്ച് ഏകതാള ത്തിൽ അവസാനിക്കു ന്നതും ഇളങ്കോ സുന്ദര മായി വർത്തിക്കുന്നു. ‘കുറ്റ മറ്റ വീണയെ മാതംഗീദേവി യുടെ സാന്നിദ്ധ്യം കല്പിച്ചു വണങ്ങി വാങ്ങി മരതകമോ തിരമണിഞ്ഞ മൃദുലാംഗുലി കളാൽ ഓരോ തന്ത്രികളും മീട്ടി, ചെവിയോർത്തു ശരിയാക്കി’ മധു രമായി വായിക്കുകയും പാടു കയും ചെയ്യുന്ന മാധവി ഒന്നാ ന്തരം വീണാവാദിനിയാണ്.

കേരള സംഗീതത്തിന്റ മാത്ര



*ഇളംകോവടികൾ*

മല്ല, ദക്ഷിണ ഭാരത സംഗീതച രിത്രം അന്വേഷിക്കുന്നവർ ചിലപ്പ തികാരം തീർച്ചയായും വായിച്ചിരി ക്കണം. മുരചിപ്പട്ടണനിവാസി നീലകണ്ഠനാർ എഴുതിയ ഇറയ നാർ അകപ്പൊരുൾ ഗ്രന്ഥത്തിൽ അനേകം സംഗീത ശാസ്ത്രങ്ങളെ

പ്പറ്റി പ്രതിപാദിക്കുന്നു. തുള ക്കരുവി (സുഷിരം), നമ്പുക്ക രുവി (തന്ത്രി), തോൽക്കരുവി (ചർമ്മം), മിടൽക്കരുവി (കണ്ഠസ ഹായത്താൽ വായിക്കുന്നത്) എന്നീ നാലു വിഭാഗമാണ് അന്നത്തെ വാദ്യസമുച്ചയം. പേരി കൈ, ഇടക്ക, മദ്ദളം, കരടികാകുട മിഴാവ്, കണപ്പറ, തണ്ണുമൈ, അന്ത രി, ചന്തിരവളയം, മുരശ്, നിശാ ളം, ചെറുപറ, തകുണിച്ചം, പാകം, നാഴികപ്പറ, പെരുമ്പറ, വടകം, ഉടുക്ക്, ചല്ലികാ, തിമില, തക്ക, തമരുകം, തടാ രി, മിഴാവ്, മൊന്ത, കൺവി ടുതുമ്പ്, തുട്ടമ, അടക്കം, പിരലേറ്, ഉപാംഗം, തുടി എന്നിവയിൽ ചിലത് നില നിൽക്കുന്നു.

ചിലപ്പതികാരത്തിലെ വിഷയം കേരളത്തിൽ മറ്റ് പല സംഗീത നാടകങ്ങൾക്കും വഴിതെളിച്ചിട്ടുണ്ട്. സി.എസ്. സുബ്രഹ്മണ്യൻ പോറ്റി തുടങ്ങിയ വർ ചിലപ്പതികാരം മലയാളത്തി ലേക്ക് വിവർത്തനം ചെയ്തിട്ടു ണ്ടെങ്കിലും ഒന്നും ലഭ്യമല്ല. ●


# ട്രിച്ചി ഗണേശൻ അനുസ്മരണം – ഗണേശം 2019



ട്രിച്ചി ഗണേശൻ മെമ്മോറിയൽ ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ ആറന്മുള ചിലങ്ക ഡാൻസ് & മ്യൂസിക് അക്കാദമി ഹാളിൽ നടന്ന അനുസ്മരണ വേദിയിൽ. ഈ വർഷത്തെ ഗണേശം അവാർഡ് പ്രശസ്ത മൃദംഗ വിദ്വാൻ പ്രൊഫ. പാറ ശ്ശാല രവിക്ക് ശ്രീ. കടമ്മനിട്ട വാസുദേവൻ പിള്ള നൽകി ആദരിച്ചു. ആഗസ്റ്റ് 18-ാം തീയതി നടന്ന ചടങ്ങിൽ പ്രശസ്ത സംഗീ തജ്ഞരായ തോപ്പൂർ സായിറാം, ബാലാ മണി ഈശ്വർ, പുതുപ്പള്ളി ദിവാക രൻ, ആനയടി പ്രസാദ്, എം.എ. കൃഷ്ണസ്വാമി, കടമ്മനിട്ട മനു, മുള ങ്കാടകം സൂരജ് തുടങ്ങിയവർ പങ്കെ ടുത്ത പഞ്ചരത്ന കീർത്തനാലാപ നവും നടന്നു.



# ആദരാഞ്ജലികൾ
# പ്രൊഫ. സി.എസ്. കൃഷ്ണമൂർത്തി



മൃദംഗകലയിലെ ആദരണീയ നായ ഗുരുനാഥനും സംഗീത കച്ചേരികളിൽ തന്റെ സ്വതസിദ്ധ മായ ശൈലിയിൽ മൃദംഗം വായിച്ച് ശ്രോതാക്കളെ രസിപ്പി ക്കുകയും ചിന്തിപ്പിക്കുകയും ചെയ്ത ഒരു ഉത്തമ കലാകാരനും തിരുവനന്തപുരം ശ്രീ സ്വാതിതിരു നാൾ സംഗീത കോളേജിൽ ഏഴു വർഷം പ്രിൻസിപ്പൽ സ്ഥാനം അലങ്കരിച്ച പ്രശസ്ത മൃദംഗ വിദ്വാൻ പ്രൊഫ. പാലക്കാട് സി. എസ്. കൃഷ്ണമൂർത്തി അന്തരി ച്ചു. തിരുവനന്തപുരം വരാഹനഗ റിലുള്ള വസതിയിലായിരുന്നു അന്ത്യം. 82 വയസ്സായിരുന്നു.

പാലക്കാട് ചാത്തപുരം ഗ്രാമ ത്തിൽ 1937 സെപ്റ്റംബർ 10 ന് മൃദംഗ വിദ്വാനായിരുന്ന ചാത്ത പുരം സുബ്ബയ്യരുടെയും മീനാക്ഷി അമ്മാളിന്റെയും നാലുമക്കളിൽ ഇളയവനായി ജനനം. മൃദംഗ ത്തിന്റെ ആദ്യ പാഠങ്ങൾ അച്ഛ നിൽ നിന്നും അഭ്യസിച്ചു. തുടർന്ന് പാലക്കാട് മണിഅയ്യർ തുടങ്ങിയ പ്രഗത്ഭരുടെ ശിഷ്യ ത്വം. 1950 മെയ് 27 ന് പാലക്കാട് കൊല്ലങ്കോട് പുതുഗ്രാമം ഗണപ തിക്ഷേത്രത്തിൽ മഹാഗുരു ചെമ്പൈ വൈദ്യനാഥ ഭാഗവത രുടെ കച്ചേരിക്ക് ആകസ്മിക മായി അരങ്ങേറ്റം. തുടർന്ന് ദക്ഷി ണേന്ത്യയിലെ ഒട്ടമിക്ക സംഗീത ജ്ഞരോടൊപ്പം വേദി പങ്കിട്ടു.

1961 ൽ ശ്രീ സ്വാതിതിരുനാൾ സംഗീത കോളേജിൽ മൃദംഗ അധ്യാപകനായി ജീവിതമാരംഭിച്ച അദ്ദേഹം 1992 ൽ ഇതേ കോളേ ജിൽ നിന്നും പ്രിൻസിപ്പലായി വിരമിച്ചു.

മധുരഗാനസുധ, വൈക്കത്തഷ്ടമി അവാർഡ്, സംഗീതചന്ദ്രിക, മൃദംഗ വിദ്വാൻ തുടങ്ങി നിരവധി അവാർഡുകൾ നേടിയിട്ടുണ്ട്. പ്രൊഫ. പാറശ്ശാല രവി, പ്രൊഫ. തിരുവനന്തപുരം എം. ബാലസുബ്ര ഹ്മണ്യം, ശ്രീ. കടനാട് വി.കെ. ഗോപി, ശ്രീ. പാലക്കാട് എസ്.എ. രാമകൃഷ്ണൻ തുടങ്ങി പ്രശസ്ത രായ ഒട്ടനവധി ശിഷ്യസമ്പത്തിനുടമ.

ഭാര്യ കൃഷ്ണാംബാൾ, മകൻ ഗണപതി സുബ്രഹ്മണ്യം.

രാഗലയം ശ്രുതിയുടെ ആദരാ ഞ്ജലികൾ.

# ശ്രീരാമസംഗീതസാഗരം



മൈനാഗപ്പള്ളി വെട്ടിക്കാട്ട് ശ്രീ മഹാദേവക്ഷേത്രത്തിൽ ശ്രീരുദ്രം സംഗീതസഭയുടെ ആഭി മുഖ്യത്തിൽ രാമായണമാസ ത്തിൽ എല്ലാദിവസവും സംഗീതാ രാധന നടത്തി. 31–ാം ദിവസം മധുരൈ ആകാശവാണി ആർട്ടിസ്റ്റ് ശ്രീമതി ബാലാമണി ഈശ്വറിന്റെ നേതൃത്വത്തിൽ 'ഭാവയാമി രഘുരാമം' അവതരി പ്പിച്ചു. ശ്രീ. എം.എസ്.പി. നമ്പൂ തിരി, ശ്രീമതി ഭുവന ശ്രീരാഗ്, കുമാരി വേദാ പ്രദീപ് തുടങ്ങിയ വർ കൂടെ പാടി. ശ്രീ. അമ്പലപ്പുഴ പ്രദീപ് വയലിൻ, ഡോ. ചേപ്പാട് കൃഷ്ണൻനമ്പൂതിരി, ശ്രീ. അരുൺ ചന്ദ്രഹാസൻ എന്നിവർ മൃദംഗം, ശ്രീ ചേർത്തല വിഷ്ണു കമ്മത്ത് ഗഞ്ചിറ.



# 56 കലാദർശിനി

## (ചോദ്യോത്തരപംക്തി)

രാഗലയം ശ്രുതിയും, പാലക്കാട് ദർശൻ സ്കൂൾ ഓഫ് മ്യൂസിക്കും (Co-ordinating Centre of BSS Cultural Mission-Diploma Courses- *Music, Dance & Arts*) സംയുക്തമായി സംഘടിപ്പിക്കുന്ന വിജ്ഞാനപ്രദമായ ചോദ്യോത്തരപംക്തി

1. 'നാടകത്തിൽ സംഗീതത്തിന്റെ സാന്നിധ്യം വളരെ പ്രധാനമാണ്' എന്ന് ഭരതൻ നാട്യശാസ്ത്രത്തിൽ പറയുന്നുണ്ട്. ഹൃദയഭാവം പ്രകാശിപ്പിക്കാനുള്ള ശബ്ദത്തിന്റെ വഴക്കം എന്നർത്ഥം വരുന്ന ഒരു പദമാണ് സംഗീതത്തിന്റെ ഈ പ്രത്യേകഗുണത്തെ സൂചിപ്പിക്കാൻ അദ്ദേഹം ഉപയോഗിച്ചിട്ടുള്ളത്. ഏതാണ് ആ പദം ?
   a) രസം (b) കാകു (c) ലയം (d) ശ്രുതി
2. റാഫേൽ ഏതു രീതിയിലായിരുന്നു ചിത്രങ്ങൾ വരച്ചിരുന്നത് ?
   a) മോഡേൺ ആർട്ട് (b) റിയലിസം (c) പോയിന്റലിസം (d) ഡിവഷനിഷം
3. കൂടിയാട്ടം, ചാക്യാർകൂത്ത് എന്നീ കേരളീയ ക്ഷേത്രകലകളിൽ ഉപയോഗിക്കുന്ന ഒരു വാദ്യോപകരണമേത് ?
   a) മദ്ദളം (b) ചെണ്ട (c) മിഴാവ് (d) ചേങ്ങില
4. ജോർജ്ജ് സ്യൂറെയുടെ രചനാശൈലിയുടെ പേരെന്താണ് ?
   a) ഫോവിസം (b) പോപ് ആർട്ട് (c) ഡാഡായിസം (d) പോയിന്റലിസം
5. ഗീത, പ്രബന്ധ, ഠായ, ആലാപ എന്നിവ ചേർന്ന ഒരു സംഗീത രൂപമാണിത്. എന്താണിതിന്റെ പേര് ?
   a) ധ്രുപദ് (b) രാഗം താനം പല്ലവി (c) ധമാർ (d) ചതുർദണ്ഡി
6. പോസ്റ്റിംപ്രഷനിസത്തിന്റെ കേന്ദ്രം ?
   a) പാരീസ് (b) ലണ്ടൻ (c) ന്യൂയോർക്ക് (d) ഫ്രാൻസ്
7. 'ചതുർദണ്ഡി പ്രകാശിക എന്ന സംഗീതശാസ്ത്രഗ്രന്ഥത്തിലൂടെ ശ്രീ വെങ്കിടമഖി ആവിഷ്ക്കരിച്ച 72 മേളകർത്താ പദ്ധതിയിലെ മേളകർത്താരാഗങ്ങൾക്ക് നാമകരണം ചെയ്തിരിക്കുന്നത് ഏത് സംഗീതശാസ്ത്രഗ്രന്ഥത്തിലാണ്?
   a) സംഗീതസുധ (b) സംഗീതസാരാമൃതം (c) സംഗ്രഹചൂഡാമണി (d) സ്വരമേളകലാനിധി
8. വാൻഗോഗിന്റെ ജന്മദേശമേതാണ് ?
   a) ജർമ്മനി (b) ഡച്ച് (c) ഇറ്റലി (d) പോർച്ചുഗൽ
9. അല്ലാവുദ്ദീൻ ഖിൽജിയുടെ കൊട്ടാരത്തിൽ വെച്ചുണ്ടായ വാതുവെപ്പിൽ ഒരു പ്രഗത്ഭഗായകന് ദീപികരാഗം പാടേണ്ടി വന്നു. യമുനയിൽ ഇറങ്ങിയാണ് അദ്ദേഹം ആ രാഗം പാടിയത്. പക്ഷെ പെട്ടെന്ന് തീ വന്ന് ആ ഗായകൻ മരിച്ചു. ആരാണിദ്ദേഹം ?
   a) അമാനത്ത് അലി ഫത്തേഹ് അലിഖാൻ (b) പുരന്ദരദാസർ (c) ഗോപാലനായക് (d) മിയാൻ താൻസെൻ
10. സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്ന മത്സരത്തിൽ കമ്പ്യൂട്ടർ ഉപയോഗിച്ച് ചെയ്യുന്ന പെയിന്റിംഗിനെ എന്ത് പറയുന്നു?
    a) ഫാബ്രിക് പെയിന്റിംഗ് (b) ഡിജിറ്റൽ പെയിന്റിംഗ് (c) വാർലി പെയിന്റിംഗ് (d) മ്യൂറൽ പെയിന്റിംഗ്

**ലക്കം 4.** (കലാദർശിനി 55)- ൽ കൊടുത്തിട്ടുണ്ടായിരുന്ന ചോദ്യങ്ങളുടെ ഉത്തരങ്ങൾ താഴെ ചേർക്കുന്നു.
1. മാർഗ്ഗം , 2. ത്രിതാൾ , 3. 10, 4. ഭൈരവ്, 5. കൈശികിവൃത്തി, 6. മഹതി,
7. കൂടിയാട്ടം, 8. സാമാന്യാഭിനയം, 9. കൂടിയാട്ടം, 10. ലാൾഗുഡി പഞ്ചരത്നം

| | |
|---|---|
| *(കലാവാണി)*<br>ഛിന്നോപി രോഹതി തരുഃ ക്ഷീണോപ്യുപചീയതേ പുനശ്ചന്ദ്ര<br>ഇതി വിമൃശന്തസ്സന്തസ്സന്തപ്യന്തേ ന വിശ്ലേഷേഷു ലോകേഷു | വൃക്ഷം മുറിക്കപ്പെട്ടാലും മുളക്കുന്നു. ചന്ദ്രൻ ക്ഷയിച്ച കലകളോടുകൂടിയിരുന്നാലും പിന്നേയും വർദ്ധിക്കുന്നു. അതുപോലെ സജ്ജനങ്ങൾ ലോകരുടെ വെറുപ്പ് നേരിട്ടാലും ദുഃഖിക്കുന്നില്ല. *(ഭർത്തൃഹരി)* |

With Best Compliments from.....

**Bharatiya Vidya Bhavans-
Kalabharati - Kochi Kendra,
T.D. Road, Ernakulam (Dist),
Pin - 682 011**- Mob:-9447179087

(ബി.എസ്സ്.എസ്സ്. കൾച്ചറൽ മിഷൻ)
സംഗീതം, നൃത്തം, ചിത്രകല
ഡിപ്ലോമാ കോഴ്സുകളുടെ
അംഗീകൃത പഠനകേന്ദ്രം